

ചാസ് ബുള്ളറ്റിൻ

# ഒരുമ

2022 ഒക്ടോബർ - മാർച്ച് 2023

ലക്കം : 61
വാല്യം : 26

## ആകുലതകൾ കാടിറങ്ങുന്ന ശ്രേഷ്ഠ കാടകങ്ങൾ

സുനിൽ കാവാലം

ചാസ് കുടുംബസംഗമം - 2023





പൊങ്ങന്താനം ഫാർമർ പ്രൊഡ്യൂസർ കമ്പനി നെടുംകുന്നം
ഓഫീസ് ഉദ്ഘാടനവും ഷെയർ സർട്ടിഫിക്കറ്റ് വിതരണവും ആർച്ചുബിഷപ്പ്
മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിക്കുന്നു.



ചാരിറ്റി ഗോട്ട് ഫാം തോട്ടയ്ക്കാട് - ശിലാസ്ഥാപനം ചങ്ങനാശ്ശേരി
അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ നിർവ്വഹിക്കുന്നു.



**KSBCDC** ലോൺ മേള 2023



# ഒരുമ
## ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി
സോഷ്യൽ സർവ്വീസ്
സൊസൈറ്റി
മുഖപത്രം

ലക്കം 61 | വാല്യം 26
2022 ഒക്ടോബർ - മാർച്ച് 2023
പേജ് : 68



## ഉള്ളടക്കം

| | |
|---|---|
| 02 | മുഖമൊഴി |
| 04 | ആകുലതകൾ കാടിറങ്ങുന്ന ശ്രേഷ്ഠ കാടകങ്ങൾ |
| 09 | ഹരിത സമൃദ്ധി |
| 15 | തണൽ |
| 19 | പ്രോജക്ട് വാർത്തകൾ |
| 31 | ആശാകിരണം |
| 34 | കേന്ദ്ര വാർത്തകൾ |
| 50 | മേഖലാ വാർത്തകൾ |
| 61 | പരിശീലന പരിപാടികൾ |
| 65 | SLCA Kerala |

**Editorial Board**

*രക്ഷാധികാരി*
**മാർ ജോസഫ് പെരുന്തോട്ടം**

*മാനേജിംഗ് എഡിറ്റർ*
**ഫാ. തോമസ് കുളത്തുങ്കൽ**


*ചീഫ് എഡിറ്റർ*
**ഫാ. ജോർജ് തൈച്ചേരിൽ**

*എക്സിക്യൂട്ടീവ് എഡിറ്റർ*
**ശ്രീ. ജോബി മാത്യു**

*അസോസിയേറ്റ് എഡിറ്റേഴ്സ്*
**ശ്രീ. ബിനു ജോസഫ്**
**ശ്രീമതി ബിന്ദു സിബി**

ലേ ഔട്ട് & പ്രിന്റിംഗ്
**സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്** ചങ്ങനാശേരി
ഫോൺ: 0481-2410101

**CHANGANACHERRY SOCIAL SERVICE SOCIETY (CHASS)**
P. B. No. 20, Changanacherry, Kottayam, Kerala,
India-686 101, Tel.: 0481-2402345, 2402735, 8138088730
E-mail: chass1966@gmail.com, chass1966@rediffmail.com, web:www.chasschry.org





# മുഖമൊഴി

## കാടിറങ്ങുന്ന വന്യജീവികളും, കാടുകയറുന്ന നിയമങ്ങളും

*പ്രിയമുള്ളവരെ,*

മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം അതിന്റെ പാരമ്യത്തിലെത്തി നിൽക്കുന്ന ഒരു സാഹചര്യത്തിലൂടെയാണല്ലോ നമ്മുടെ നാട് കടന്നു പോകുന്നത്. കാടും, കാട്ടുമൃഗങ്ങളും, കാട്ടുപൂഞ്ചോലയുമെല്ലാം ആവാസവ്യവസ്ഥയുടെ അഭിഭാജ്യ ഘടകമാണെന്നുള്ളതിൽ ആർക്കും തർക്കമില്ല. മനുഷ്യനുൾപ്പെടെ ഭൂമിയിലെ എല്ലാ ജീവജാലങ്ങളും ഒന്ന് ഒന്നിനോട് പരസ്പ്പരം ബന്ധപ്പെട്ടിരിക്കുന്നു. എല്ലാത്തിന്റെയും സുസ്ഥിര നിലനിൽപ്പും സാന്നിധ്യവും ഉറപ്പുവരുത്തേണ്ട ബാധ്യത സൃഷ്ടിയുടെ മകുടമായ മനുഷ്യനുണ്ട് എന്നതും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. ആദിമ മനുഷ്യൻ ജനിച്ചതും വളർന്നതും കാട്ടിലായിരുന്നു. കാട് അവന് വീടായിരുന്നു. അതുകൊണ്ടു തന്നെ കാടും കാടിന്റെ പരിസരങ്ങളും കാട്ടുമൃഗങ്ങൾക്കുമാത്രം അവകാശപ്പെട്ടതാണെന്ന കപട പരിസ്ഥിതി വാദസിദ്ധാന്തങ്ങൾ ശുദ്ധ ഭോഷത്വം തന്നെയാണെന്നു പറഞ്ഞേ മതിയാവൂ. വന്യമൃഗങ്ങൾ കാടിറങ്ങുന്നത് അവയ്ക്ക് വേണ്ട ഭക്ഷണവും വെള്ളവും ലഭിക്കാത്തതുകൊണ്ടാണ്. ഒപ്പം കാടിന്റെ വിസ്തൃതി കുറഞ്ഞതും, കാട്ടുമൃഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതും ഇതിനു കാരണമാകാം. ആരാണ് ഇതിനുത്തരവാദികൾ. പതിറ്റാണ്ടുകൾക്ക് മുൻപ് നമ്മുടെ നാട് പട്ടിണിയുടെ പിടിയിലമർന്നപ്പോൾ മലയോരമേഖലയിൽ കുടിയേറി മണ്ണിൽ പൊന്നുവിളയിച്ച് നമ്മെ തീറ്റിപ്പോറ്റിയ കർഷകനാണ്

ഇതിനുത്തരവാദികൾ എന്ന് ഏതാനും പരിസ്ഥിതിവാദികളും, ചില രാഷ്ട്രീയ സാമൂഹിക-മത നേതൃത്വങ്ങളും ആരോപിക്കുന്നു. യാഥാർത്ഥത്തിൽ കാടുവെട്ടിത്തെളിച്ച് വനംകൊള്ളനടത്തിയും അല്ലെങ്കിൽ അതിനുകൂട്ടുനിന്ന ഇവർ തന്നെയല്ലേ ഇതിനുത്തരവാദികൾ. കാട്ടുതീയും, പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാവ്യതിയാനവും ഒക്കെ വനശോഷണത്തിനു കാരണമായിതീർന്നിട്ടുണ്ട്. ഇവിടെയൊന്നും കുടിയേറ്റ കർഷകർ തെറ്റുകാരല്ല. നമുക്ക് വനസംരക്ഷണത്തിനും മൃഗപരിപാലനത്തിനുമൊക്കെ ഒട്ടേറെ നിയമങ്ങളുണ്ട്. ഈ നിയമം യഥാവിധി നടപ്പിലാക്കാതെ അതിന്റെ മറവിൽ സാധാരണക്കാരായ കർഷകരെ ഉപദ്രവിക്കുന്നത് വേദനാജനകമാണ്. മൃഗ-വന അവകാശങ്ങൾക്കൊപ്പം മനുഷ്യാവകാശങ്ങൾക്കും പ്രാധാന്യം കൊടുക്കേണ്ടതല്ലേ. കാട്ടുപോത്തും, കാട്ടുപന്നിയും, ആനയും, മയിലും, കുരങ്ങനും, കുറുക്കനും, മലയണ്ണാനുമൊക്കെനാടുകയറുമ്പോൾമനുഷ്യാവകാശങ്ങളെധ്വംസിക്കാതെ അതിനു തടയിടേണ്ടത് ഇത്തരം നിയമവ്യവസ്ഥകളാണ്. വനത്തിനുള്ളിൽ തരിശായികിടക്കുന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്ക് തീറ്റക്കായുള്ള ക്രമീകരണങ്ങൾ ചെയ്ത്തും, വെള്ളത്തിനായി കുളങ്ങൾ നിർമ്മിച്ചും, കിടങ്ങുകളും, വേലികളും നിർമ്മിച്ചും വന്യമൃഗങ്ങളുടെ നാട്ടിലൂടെയുള്ള സഞ്ചാരം നിയന്ത്രിക്കുവാൻ നടപടികൾ എടുക്കണം. അമിതമായി പെറ്റുപെരുകിയിരിക്കുന്ന മൃഗങ്ങളെ ആനുപാതികമായി നിലനിർത്തിയാൽ ഇതിനു പരിഹാരം കാണുവാൻ സാധിക്കും. അതിനുള്ള ഇച്ഛാശക്തി നമ്മുടെ ഭരണനേതൃത്വത്തിനും രാഷ്ട്രീയ നേതൃത്വത്തിനും ഉണ്ടാവണം. തെരുവ് നായ്ക്കൾക്കു വേണ്ടി വാദിക്കുന്നവർ അവ മനുഷ്യജീവിതങ്ങളെ കൊലപ്പെടുത്തുമ്പോൾ എന്തേ അവർ അവയെ സ്വന്തം വീട്ടിൽ കൊണ്ടുപോയി പരിപാലിക്കുന്നില്ല. എന്തിനും ഏതിനും രണ്ടു പക്ഷമുള്ള ഈ നാട്ടിൽ തീരുമാനങ്ങൾ എടുക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നറിയാം. എന്നിരുന്നാലും ഇനി ഒരു വിലപ്പെട്ട ജീവൻ പോലും വന്യമൃഗത്തിന്റെ ആക്രമണത്തിൽ നഷ്ടപ്പെട്ടു കൂടാ. എല്ലാവരുടെയും ജീവനും, സ്വത്തിനും സംരക്ഷണം നൽകുവാൻ ബാധ്യസ്ഥരായ ഭരണകൂടം കുടിയേറ്റകർഷകന്റെ കണ്ണീരൊപ്പുവാൻ സത്വര നടപടികൾ സ്വീകരിക്കണം.

*സ്നേഹപൂർവ്വം,*

**ഫാ. തോമസ് കുളത്തുങ്കൽ**
*ഡയറക്ടർ*



# ആകുലതകൾ കാടിറങ്ങുന്ന ശ്രേഷ്ഠ കാടകങ്ങൾ



**സുനിൽ കാവാലം**
*(അസിസ്റ്റന്റ് നേച്ചർ എഡ്യുക്കേഷൻ ഓഫീസർ
പെരിയാർ ഫൗണ്ടേഷൻ, തേക്കടി)*

സൗരയൂഥത്തിൽ ജീവന്റെ സാന്നിധ്യമുള്ള ഏക ഗ്രഹം നാം അധിവസിക്കുന്ന ഭൂമിയാണ്. കോടാനുകോടി വർഷങ്ങളുടെ പരിണാമ പ്രക്രിയയുടെ ഫലമായി ഇവിടെ ജീവനുണ്ടായി. ഈ പരിണാമ പ്രക്രിയയിൽ അവസാനം ആവിർഭവിച്ച ജീവിയായിരുന്നു മനുഷ്യൻ. ബൗദ്ധികചിന്താസരണിയും, വിവേകവും, മനനം ചെയ്യാൻ പ്രാപ്തിയുമുള്ള ഏക ജീവിയും മനുഷ്യൻ തന്നെ. ഭൂമിയിലെ ജൈവസമ്പന്നമായ ആവാസ വ്യവസ്ഥ മനുഷ്യ പുരോഗതിക്കുള്ള മാർഗ്ഗങ്ങളായി. അവന്റെ ജീവസന്ധാരണത്തിനുള്ളതെല്ലാം പ്രകൃതി വിഭവങ്ങളുടെ രൂപത്തിൽ അവൻ കയ്യടക്കി. പ്രകൃത്യാ ഉള്ള ഈ ജൈവസമ്പന്നത അവന് പുരോഗതിക്കുള്ള ആണിക്കല്ലുകളായും മാറി. ആദിമകാലത്ത് മനുഷ്യൻ പ്രകൃതി വിഭവങ്ങളെ ആരാധിച്ചും

പരിപാലിച്ചും ജീവസന്ധാരണത്തിന് ആവശ്യമുള്ളത് മാത്രം ഉപയോഗിച്ചും പുരോഗതിയിലേയ്ക്ക് നീങ്ങി.

പ്രകൃതിവിഭവങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് വനങ്ങൾ. ജൈവസമ്പന്നമായ ഈ ആവാസവ്യവസ്ഥയിൽ നിന്നും അനേകം ജാതി ജീവഗണങ്ങൾ പാരിസ്ഥിതിക സേവനം നിലനിർത്തി, ജൈവ ചാക്രിക പ്രവർത്തനത്തിൽ പങ്കാളികളായി മാറുന്നു. ജൈവവൈവിധ്യത്തിന്റെ കലവറകളായ സ്വാഭാവിക വന ആവാസവ്യവസ്ഥ ഭൂമിയുടെ 13 മുതൽ 15 ശതമാനം വരെ കാണപ്പെടുന്നു. ഇവ ഏറിയ പങ്കും ഭൂമധ്യരേഖയുടെ ഇരുവശങ്ങളിലുമായി കാണപ്പെടുന്നു. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളായ ബ്രസീൽ, ചിലി, കോംഗോ, സാംബസി, മഡ ഗാസ്കർ, ഇന്തോനേഷ്യ, കൊളംബിയ, മദ്ധ്യ അമേരിക്ക, തെക്കുകിഴക്കൻ ഏഷ്യ എന്നീ മേഖലകളിൽ കണ്ടുവരുന്ന ജൈവസമ്പന്നമായ ഈ മേഖല അതുകൊണ്ടുതന്നെ അറിയപ്പെടുന്നത് ബയോഡൈവേഴ്സിറ്റി ഹോട്ട്സ്പോട്ട് എന്നാണ്. നാളിതുവരെ 35 ബയോഡൈവേഴ്സിറ്റി ഹോട്ട്സ്പോട്ടുകൾ കൺസർവേഷൻ ഇന്റർനാഷണൽ എന്ന സംഘടന രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഇന്ത്യയിലെ പശ്ചിമഘട്ട മലനിരകളും കിഴക്കൻ ഹിമാലയവും ഉൾപ്പെട്ടിരിക്കുന്നു.

**പശ്ചിമഘട്ടവും കേരളവും**

പശ്ചിമഘട്ട മലനിരകളും അവിടുത്തെ വനങ്ങളും കേരള ഭൂപ്രകൃതിയിൽ നിർണ്ണായക സ്വാധീനമാണ് നിർവഹിക്കുന്നത്. കാലവർഷത്തിലും (South west monsoon) തുലാവർഷത്തിലും (North East Monsoon) പെയ്തിറങ്ങുന്ന മഴയെ ഏറ്റുവാങ്ങി, ഭൂമിയിൽ കിനിഞ്ഞിറക്കി ഭൂഗർഭ ജലവിതാനത്തെ സമ്പന്നമാക്കുന്നത് പശ്ചിമഘട്ടമലനിരകളുടെ സംഭാവനയാണ്. മഴയുടെ 60%ത്തോളം ഭൂഗർഭജലമായും അധികമായി ഒഴുകിപ്പോകുന്ന ജലം അരുവിയായും, ചോലയായും, പുഴയായും രൂപം കൊണ്ട് കേരളത്തെ ജലസമൃദ്ധമാക്കുന്നു. പച്ചപ്പിന്റെ ഈ മേലാപ്പും പശ്ചിമഘട്ട മലനിരകളും കേരളത്തെ ‘ദൈവത്തിന്റെ സ്വന്തം നാടാക്കി’ മാറ്റുന്നു.

**വനങ്ങളും വന്യജീവികളും സംരക്ഷണ മേഖലകളും**

കേരളത്തിന്റെ 29.65 ശതമാനമാണ് വനങ്ങൾ. ഇതിൽ വന്യജീവിസങ്കേതങ്ങൾ, റിസർവ് വനങ്ങൾ, പരിസ്ഥിതിലോല പ്രദേശങ്ങൾ, വെസ്റ്റഡ് ഫോറസ്റ്റ് എന്നിവ ഉൾപ്പെടുന്നു. രാജ്യത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിന് 33 ശതമാനം വനങ്ങൾ വേണമെന്ന് ശാസ്ത്ര സമൂഹം നിഷ്കർഷിക്കുമ്പോൾ 29 ശതമാനത്തിന് മുകളിൽ

വനസമ്പത്തുള്ള നാം ബഹുദൂരം മുന്നോട്ട് പോയിരിക്കുന്നു എന്ന് തിരിച്ചറിയേണ്ടതുണ്ട്. അതോടൊപ്പം വനങ്ങളേയും പുഴകളേയും വന്യജീവികളേയും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഓരോ പൗരന്റെയും കടമയാണെന്ന് നമ്മുടെ ഭരണഘടന അനുശാസിക്കുന്നു. (ഇന്ത്യൻ ഭരണഘടന-ആർട്ടിക്കൾ 51-A(g)).

**കാട് ഇറങ്ങുന്ന വന്യജീവികളും മനുഷ്യ-വന്യജീവി സംഘർഷങ്ങളും-ഒരു അവലോകനം**

കാട്ടിൽ വെള്ളവും തീറ്റയും കുറയുമ്പോൾ സർവ്വേ കല്ലുകളും ജംണ്ടയും, വനാതിർത്തിയും തിരിച്ചറിയാൻ കഴിയാത്ത വന്യജീവികൾ കാടിറങ്ങുന്നത് സ്വഭാവികം എന്ന് ആപേക്ഷികമായി പറയാമെങ്കിലും അത് വനാതിർത്തിയിലെ ഗ്രാമവാസികൾക്ക് ഉയർത്തുന്ന ഭീഷണിയെ ചെറുതായി കാണാൻ കഴിയില്ല. മനുഷ്യ വന്യജീവി സംഘർഷത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. കേരളത്തിൽ വന്യജീവികളുടെ കാടിറക്കം ആരംഭിക്കുന്നത് 1980കളുടെ തുടക്കത്തിലാണ്. സ്വന്തം ആവാസ വ്യവസ്ഥയിൽ സ്വൈര്യവിഹാരം നടത്തിവരുന്ന വന്യജീവികൾ വനത്തിന് പുറത്തുവരികയും അവ മനുഷ്യന്റെ ഉപജീവനമാർഗ്ഗമായ കൃഷിക്ക് നാശം വരുത്തുകയും ചിലപ്പോൾ മനുഷ്യന് തന്നെ ഭീഷണിയായി, ജീവനാശത്തിന് വഴിതെളിക്കുമ്പോൾ അതിനെ 'മനുഷ്യ വന്യജീവി' സംഘർഷം (Man animal conflict) എന്ന് വിളിക്കുന്നു. മണ്ണിൽ അധ്വാനിച്ചു ജീവിക്കുന്ന കർഷകൻ അവന്റെ വിളയിടങ്ങൾ നശിപ്പിക്കുന്ന വന്യജീവികളെ തുരത്തണമെന്ന് പറയുന്നത് ന്യായം മാത്രമാണ്. മനുഷ്യ വന്യജീവി സംഘർഷങ്ങളുടെ മൂലകാരണങ്ങൾ നമുക്ക് പരിശോധിക്കാം.

**1. കൃഷി രീതിയിലെ മാറ്റങ്ങൾ**

വനാതിർത്തികളിലെ കൃഷിരീതികളിൽ കാതലായ മാറ്റം വന്നിരിക്കുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. വാഴ, കപ്പ പോലുള്ള കൃഷിരീതികൾ അവലംബിക്കുന്നത് മൂലം വന്യജീവികൾ പ്രത്യേകിച്ച് ആന, പന്നി, മാൻ തുടങ്ങിയ മൃഗങ്ങൾ സ്വാദിഷ്ടകരമായ വിഭവങ്ങൾ തേടി കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങാൻ കാരണമാകുന്നു. ഇത് അധിക ഊർജ്ജ നഷ്ടം വരാതെ വന്യജീവികൾക്ക് വിഹരിക്കുന്നതിന് സാഹചര്യം സൃഷ്ടിക്കുന്നു.

**2. ആനത്താരകൾ നഷ്ടപ്പെടുന്നത്**

ആന പോലുള്ള ജീവികൾ തീറ്റ തേടി ബഹുദൂരം സഞ്ചരിക്കുന്നവയാണ്. അതുകൊണ്ടുതന്നെ വളരെ വിശാലമായ വനങ്ങൾ

അവയ്ക്ക് ആവശ്യമാണ്. ഈ സാഹചര്യത്തിൽ, ആനകൾ പരമ്പരാഗതമായി സഞ്ചരിക്കുന്ന വഴികൾ- 'ആനത്താരകൾ' (Elephant Corridor) വികസന പ്രവർത്തനങ്ങളുടെ പരിണിതഫലമായി ഇല്ലാതായിട്ടുണ്ട്. ഇത്തരം ആനത്താരകൾ നഷ്ടപ്പെട്ടതുമൂലം ആനകളുടെ സ്വാഭാവിക സഞ്ചാരഗതി അടയുകയും അവ ബദൽ വഴികൾ അന്വേഷിക്കുവാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. ഇതും മനുഷ്യ വന്യജീവി സംഘർഷത്തിലേയ്ക്ക് നയിക്കപ്പെടുന്നു. പല വികസന പ്രവർത്തനങ്ങളുടെയും ഫലമായി വനങ്ങൾ ചെറുതുരത്തുകളായി മാറുന്നത് മനുഷ്യ വന്യജീവി സംഘർഷത്തിന് കാരണമായി തീർന്നിട്ടുണ്ട്. ഉദാ. വയനാട് വന്യജീവി സങ്കേതം. വനങ്ങളും കൃഷിയിടങ്ങളും മനുഷ്യവാസസ്ഥലങ്ങളും പരസ്പരം ഇടകലർന്ന് കാണപ്പെടുന്ന വയനാട് മനുഷ്യ വന്യജീവി സംഘർഷം വളരെയധികം ഉള്ള ഒരു പ്രദേശമാണ്.

**3. വന്യജിവികളിലെ ദുർബലർ**

വന്യജീവി ശാസ്ത്രം അനുസരിച്ച്, ഏറ്റവും അനുയോജ്യമായവ നിലനിൽക്കും (Survival of fittest) വന്യജീവികളിൽ സ്വന്തമായി ഇടം തേടുന്നതായി നടത്തിവരുന്ന ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർ കാലക്രമത്തിൽ ദുർബലരായി തീരാറുണ്ട്. ഇത്തരം ജീവികൾ കടുവയടക്കം നിലനിൽപ്പിനായി നാട്ടിൽ ഇറങ്ങുന്ന സാഹചര്യവും നിലവിലുണ്ട്. കടുവകളുടെ സ്വാഭാവിക ആരോഗ്യത്തിന് ക്ഷയം സംഭവിക്കുമ്പോൾ ഇരപിടിക്കാൻ ശേഷി കുറയുന്നതും മനുഷ്യവന്യജീവി സംഘർഷത്തിന് കാരണമായി തീരാറുണ്ട്. മനുഷ്യനാലും മൃഗങ്ങളാലും ആക്രമിക്കപ്പെട്ടിട്ടുള്ള ജീവികളും മനുഷ്യ വന്യജീവിസംഘർഷത്തിന് കാരണമായി തീർന്നിട്ടുണ്ട്.

**പ്രതിവിധികൾ/പരിഹാരങ്ങൾ**

മനുഷ്യ-വന്യജീവി സംഘർഷം പൂർണ്ണമായും ഇല്ലാതാക്കാൻ സാധിക്കുകയില്ല എന്ന് ഈ മേഖലയിൽ ഗവേഷണം നടത്തിയിട്ടുള്ള വിദഗ്ധർ അഭിപ്രായപ്പെടുന്നു. ഒരു പരിധിവരെ കുറയ്ക്കുവാനുള്ള മാർഗങ്ങൾ നാം അവലംബിക്കേണ്ടതുണ്ട്.

**1. കാർഷിക വിളകളുടെ പുനഃക്രമീകരണം**

വനാതിർത്തിയിലെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം സൃഷ്ടിക്കുന്നതിനും കൃഷി പരിപോഷിപ്പിക്കുന്നതിനും ആയി കാർഷിക വൃത്തിയിൽ സമൂലമായ മാറ്റം വരുത്തേണ്ടതുണ്ട്. ഇതിനായി അത്യുൽപ്പാദനശേഷിയുള്ള വിത്ത് ഇനങ്ങൾ/നടീൽ വസ്തുക്കൾ ഉപയോഗിക്കാവുന്നതാണ്. ഇൻഷുറൻസും നഷ്ടപരിഹാരവും

ബന്ധപ്പെട്ട വകുപ്പുകൾ താമസംവിനാ നടപ്പിലാക്കേണ്ടതാണ്.

**2. ആനത്താരകൾ നിലനിർത്തുക**

ആനകളുടെ പരമ്പരാഗത സഞ്ചാരമാർഗ്ഗം ആയ ആനത്താരകൾ പുനർ സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള ശ്രമങ്ങൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതുണ്ട്.

**3. വന്യജീവി പരിപാലനവും ആവാസവസ്തുക്കളുടെ പരിപാലനവും**

മനുഷ്യ വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി വന ആവാസവസ്തുക്കളുടെ കൃത്യമായ നിരീക്ഷണവും ഗവേഷണവും പരിപാലനവും അതാത് മേഖലയിലെ വിദഗ്ധരുടെ സാങ്കേതിക സഹായത്താൽ നടപ്പിലാക്കേണ്ടതാണ്. ആവാസവ്യവസ്ഥകളുടെ നവീകരണ പ്രവർത്തനങ്ങൾ (Habitat improvement activities) സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്.

**4. വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ**

ശാസ്ത്രീയമായ വന്യജീവി സംരക്ഷണ, പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും പരിസ്ഥിതി സംബന്ധിച്ച അറിവുകൾ പൊതുസമൂഹത്തിൽ എത്തിക്കുന്നതിനും ആയി വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി വനം വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. വനം വകുപ്പിന്റെ ശാസ്ത്രീയമായ ഇടപെടലുകൾ വന്യജീവി സംഘർഷം കുറയ്ക്കുന്നതിന്റെ ഭാഗമായി പൊതുസമൂഹത്തിൽ പരിചയപ്പെടുത്തേണ്ടതുണ്ട്.

ജനപങ്കാളിത്ത വനം-വന്യജീവി സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ മൂലം ആവാസവ്യവസ്ഥയ്ക്ക് മെച്ചപ്പെട്ട പുരോഗതി ഉണ്ടായിട്ടുണ്ട്. ജീവികളുടെ എണ്ണത്തിലും ഉള്ള വർദ്ധനവ് ഇതിന്റെ ഫലപ്രാപ്തി സൂചിപ്പിക്കുന്നു. മനുഷ്യ-വന്യജീവി സംഘർഷം പരമാവധി കുറയ്ക്കുന്നതിനും പ്രാദേശിക ജനസമൂഹങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഉറപ്പാക്കുന്നതിനുമായി നയപരമായ തീരുമാനങ്ങൾ ഗവൺമെന്റ് തലത്തിൽ ഇനിയും ഉണ്ടാവേണ്ടതാണ്.

❖❖❖

# ഹരിത സമൃദ്ധി

## ആടുവളർത്തൽ പദ്ധതി

ചമ്പക്കുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 9 ന് സ്വയം തൊഴിൽ സംരംഭം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിർധന കുടുംബങ്ങൾക്ക് ആട്ടിൻ കുട്ടികളെ വിതരണം ചെയ്തു. ഈ ആട്ടിൻകുട്ടികളുടെ കുഞ്ഞുങ്ങളെ അടുത്ത കുടുംബങ്ങൾക്ക് കൈമാറുന്നതാണ് ഈ പദ്ധതി. യൂണിറ്റ് ഭാരവാഹികൾ പദ്ധതി യുടെ നടത്തിപ്പിനും വിലയിരുത്തലിനും നേതൃത്വം നൽകുന്നു.

## കോഴിക്കുഞ്ഞുവിതരണം

ചമ്പക്കുളം മേഖലയിൽ പൊങ്ങ, വടക്കേ അമിച്ചകരി, കൊണ്ടാക്കൽ യൂണിറ്റുകളിൽ ഒക്ടോബർ 26 ന് നാടൻ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

## നാട്ടുപച്ച-കാർഷിക വിപണനമേള 2022

പാറേൽ ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ 2022 ഒക്ടോബർ 27-30 വരെ കാർഷിക വിപണനമേള സംഘടിപ്പിച്ചു. വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ




ആമുഖ സന്ദേശവും മാടപ്പള്ളി കൃഷി അസി. ഡയറക്ടർ ശ്രീമതി അനീന സൂസൻ സഖറിയ മുഖ്യപ്രഭാഷണവും നടത്തി. തുടർന്ന് സംഘടിപ്പിച്ച കാർഷിക സെമിനാറിന്റെ ഉദ്ഘാടനം അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. നിർവ്വഹിച്ചു. അഗ്രിക്കൾച്ചർ അസി. എഞ്ചിനീയർ ശ്രീമതി വിനായ വി.എസ്. സെമിനാർ നയിച്ചു. വിദ്യാർത്ഥികൾക്കും സ്വാശ്രയസംഘങ്ങൾക്കും വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. മൈതാനിയിൽ ക്രമീകരിച്ച വിവിധ സ്റ്റാളുകൾ മേളക്ക് മാറ്റുകൂട്ടി. യൂണിറ്റ് ഭാരവാഹികളായ ശ്രീ. ബാബു വള്ളപ്പുര,

ശ്രീ. എം.ഡി. സേവ്യർ, ശ്രീ. തങ്കച്ചൻ പുല്ലുകാട്ട് എന്നിവർ നേതൃത്വം നൽകി.

**ഏത്തവാഴ വിത്ത്, ഫലവൃക്ഷതൈ, ഗ്രോബാഗ് വിതരണം**

പുല്ലങ്ങടി, നർബോനപുരം, പൊങ്ങ, കുറുമ്പനാടം, അസംപ്ഷൻ, ഇരവുചിറ, മാമ്മൂട്, അയർകുന്നം, നെടുംകുന്നം, മണിമല, നെടുമണ്ണി, നെടുങ്ങാടപ്പള്ളി, പെരുങ്കാവ്, കരിക്കാട്ടൂർ, ചുങ്കപ്പാറ, വായ്പ്പൂർ ഓൾഡ് എന്നീ യൂണിറ്റുകളിൽ ഒക്ടോബർ 30,31 തീയതികളിൽ 2000 ഏത്തവാഴ വിത്തും, ആയിരത്തിൽപ്പരം ഫലവൃക്ഷതൈകളും, ഗ്രോബാഗും വിതരണം ചെയ്തു.

**മത്സ്യകൃഷി വിളവെടുപ്പ്**

ഏറ്റുമാനൂർ മാവേലി പുരുഷ സ്വാശ്രയസംഘം നടത്തിവന്ന മത്സ്യകൃഷിയുടെ ഏഴാമത് വിളവെടുപ്പ് നവംബർ 13 ന് നടത്തി. അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സജി തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഗിഫ്റ്റ് സിലോപ്പിയ ഇനത്തിൽപ്പെട്ട മത്സ്യങ്ങളുടെ വെളവെടുപ്പാണ് നടത്തിയത്.

**സ്റ്റീൽ ടാങ്ക് വിതരണം**

കുറമ്പനാടം യൂണിറ്റിന്റെ നേതൃത്വത്തിൽ നവംബർ 15 ന് 1000 ലിറ്റർ വെള്ളം ശേഖരിക്കുന്ന 2 സ്റ്റീൽ ടാങ്ക് വിതരണം ചെയ്തു.

**JLG രൂപീകരിച്ചു**

ഇത്തിത്താനം യൂണിറ്റിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഡിസംബർ 5-ാം തീയതി 'നവജ്യോതി' JLG രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. അഗസ്റ്റിൻ തോമസ് നേതൃത്വം നൽകി.

ഫാത്തിമാപുരം യൂണിറ്റിൽ ഡിസംബർ 05 ന് 10 പുതിയ JLG കൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**സൺഡേ മാർക്കറ്റ് ആരംഭിച്ചു**

**മീൻകുളം** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നവംബർ-20ന് സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനവും ആദ്യവിൽപ്പന അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിയും നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോബിൻ തൈപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീ. ബേബി ജോസഫ് നേതൃത്വം നൽകി. ചാസ് സ്വാശ്രയവിപണി

യുടെയും, സ്വാശ്രയസംഘങ്ങളുടെയും ഉൽപ്പന്നങ്ങളാണ് സൺഡേ മാർക്കറ്റിലൂടെ വിപണനം നടത്തുന്നത്.

**കുളത്തൂർ** യൂണിറ്റിൽ നവംബർ 27 മുതൽ സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് നടുവേലിക്കളം ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് യൂണിറ്റ് പ്രസിഡന്റ് വി.ജെ. ചാക്കോ, സെക്രട്ടറി ശ്രീ. തോമസുകുട്ടി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ചമ്പക്കര** യൂണിറ്റിൽ ഡിസംബർ 10 മുതൽ സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ്




പ്ലാംപറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി വരുന്നു.

**കിടങ്ങറ** യൂണിറ്റിൽ ഡിസംബർ 15 മുതൽ സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ക്രിസ്റ്റി കൂട്ടുമ്മേൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീമതി ജൂലിയറ്റ് ജോം, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് എന്നിവർ നേതൃത്വം നൽകി.

**പുളിക്കൽകവല** യൂണിറ്റിൽ ജനുവരി 28ന് സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. സ്വാശ്രയസംഘങ്ങളുടെയും, ചാസ് സ്വാശ്രയവിപണിയുടെയും ഉൽപ്പന്നങ്ങളാണ് സൺഡേ മാർക്കറ്റിലൂടെ വിതരണം ചെയ്യുന്നുത്. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിയക് വലിയപറമ്പിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കളത്തുങ്കൽ, മേഖലാ കോഡിനേറ്റർ ശ്രീമതി അൽഫോൻസ്




വർഗീസ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

**നാട്ടുചന്ത**

പള്ളാത്തുരുത്തി യൂണിറ്റിന്റെ നേതൃത്വത്തിൽ ജനുവരി 30 ന് നാട്ടുചന്ത പ്രവർത്തനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ കർഷകൻ ശ്രീ. തോമസ് ജോസഫിന് ജൈവ ചീര



നൽകി ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ശ്രീ. മോനിച്ചൻ, മേഖലാ കോഡിനേറ്റർ ശ്രീ ഡി. ജോസഫ്, ശ്രീ. ജോഷി പാറശ്ശേരി, യൂണിറ്റ് സെക്രട്ടറി ശ്രീ. ഡി. കുട്ടപ്പൻ എന്നിവർ പ്രസംഗിച്ചു.

### ചരിവുപ്രദേശകൃഷി (STRIP FARMING)

ചരുവ് പ്രദേശങ്ങളിൽ, പ്രകൃതിക്കും മണ്ണിന്റെ ഘടനയ്ക്കും അനുയോജ്യമായ കൃഷിരീതികളുടെ മാതൃകകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരള സോഷ്യൽ സർവ്വീസ് ഫോറം ആവിഷ്ക്കരിച്ചിരിക്കുന്ന Strip Farming പദ്ധതിയിൽ ചാസിനെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന കർഷകർക്ക് ചാസ് കോൺഫ്രൻസ് ഹാളിൽ പരിശീലനം നൽകി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. കേരള സോഷ്യൽ സർവീസ് ഫോറം പ്രോജക്ട് ഓഫീസർ ശ്രീ. ജിത്തു ജോസഫ്, ചാസ് പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, ശ്രീമതി അൽഫോൻസ വർഗീസ് എന്നിവർ ക്ലാസ് നയിച്ചു. മണിമല, നെടുംകുന്നം, ചേപ്പുംപാറ എന്നീ മേഖലകളിൽ നിന്നും കർഷകർ പങ്കെടുത്തു.

### കപ്പകൃഷി വിളവെടുപ്പ്

ഏറ്റുമാനൂർ ക്രൈസ്റ്റ് പുരുഷ സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ അരയേക്കർ സ്ഥലത്ത് നടത്തി വന്നിരുന്ന കപ്പകൃഷിയുടെ വിളവെടുപ്പ് ഫെബ്രുവരി 13 ന് യൂണിറ്റ് സെക്രട്ടറി ശ്രീ. ജോസഫ് പനച്ചേലിന്റെ നേതൃത്വത്തിൽ നിർവ്വഹിച്ചു.



### ചാസ് സ്വാശ്രയ വിപണി ആരംഭിച്ചു

**എടത്വാ** യൂണിറ്റിൽ 2023 ഫെബ്രുവരി മാസം മുതൽ ചാസ് സ്വാശ്രയവിപണി പ്രവർത്തനം ആരംഭിച്ചു. ഫൊറോനാ ഡയറക്ടർ വെരി. റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് കേന്ദ്ര സ്വാശ്രയവിപണിയിലെ എല്ലാ നാടൻ ഉൽപ്പന്നങ്ങളും ഇവിടെ ലഭിക്കുന്നതാണ്.

### ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി

**പച്ച ചെക്കിടിക്കാട്** യൂണിറ്റിൽ സ്വാശ്രയസംഘങ്ങൾക്കുള്ള KSBCDC ലോൺ വിതരണത്തിന്റെ ഭാഗമായി 30 കുടുംബങ്ങളിൽ ഉറവിടമാലിന്യസംസ്ക്കരണ യൂണിറ്റുകൾ (പൈപ്പ് കമ്പോസ്റ്റ്) സ്ഥാപിച്ചു. അടുക്കള മാലിന്യങ്ങൾ വലിച്ചെറിയാതെ മാലിന്യ സംസ്കരണ ഉപാധികളിൽ നിക്ഷേപിക്കുകയും അതിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവവളം ഉപയോഗിച്ച് വിഷരഹിത



പച്ചറികൾ വീട്ടിൽതന്നെ ഉണ്ടാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. മാർച്ച് 6 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് മാളിയേക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ നേതൃത്വം നൽകി.

## വളർത്തുകൂട്ടം പദ്ധതി

**(a) മുട്ടക്കോഴിയും കൂടും**

| | |
|---|---|
| * 24 കോഴിയും കൂടും -Bv380 *(മേൽക്കൂരയോടുകൂടിയത്)* | Rs. 17,500/- |
| * 24 കോഴിയും കൂടും *(മേൽക്കൂരയില്ലാതെ)* | Rs. 15,500/- |
| * 10 കോഴിയും കൂടും *(മേൽക്കൂരയുള്ളത്)* | Rs. 12,000/- |
| * 10 കോഴിയും കൂടും *(മേൽക്കൂരയില്ലാതെ)* | Rs. 10,500/- |
| * നാടൻ കോഴിക്കുള്ള കൂട് *(25 കുഞ്ഞുങ്ങൾക്കുള്ളത്)* | Rs. 15,000/- |

**(b) കോഴിക്കുഞ്ഞുങ്ങൾ**

| | |
|---|---|
| Bv380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞ് *(50 ദിവസം)* | Rs. 260/- |
| നാടൻ കോഴിക്കുഞ്ഞുങ്ങൾ *(50 ദിവസം)* | Rs. 160/- |

**(c) തെങ്ങിൻ തൈകൾ**

| *ഇനം* | *തുക* |
|---|---|
| 1. ഗംഗാബോണ്ടം | Rs. 300/- |
| 2. DxT | Rs. 300/- |
| 3. കേരശ്രീ | Rs. 300/- |
| 4. ഗൗളിഗാത്രം | Rs. 180/- |
| 5. മലയൻഡ്വാർഫ് | Rs. 180/- |
| 6. കുറ്റിയാടി | Rs. 160/- |

**ബന്ധപ്പെടേണ്ട നമ്പർ: 8138088730**



## തണൽ

### ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സാമൂഹിക സുരക്ഷാ സഹായ പദ്ധതികൾ വഴി ഒക്ടോബർ 2022 മുതൽ 2023 മാർച്ച് വരെ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം (10,000/- രൂപ വീതം 29 കുടുംബങ്ങൾക്ക് Rs. 2,90,000/- നൽകി)**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 596. എം.റ്റി. ജോസഫ് | ഹെൽപ്പ് ലൈൻ | പാറേക്കടവ് | ചങ്ങനാശ്ശേരി |
| 597. ത്രേസ്യാമ്മ വർക്കി | സ്നേഹദീപ്തി | ചീപ്പുങ്കൽ | കുടമാളൂർ |
| 598. മറിയാമ്മ എബ്രഹാം | ജ്യോതിസ് | പങ്ങട | കോട്ടയം |
| 599. ജോയിസ് സ്കറിയ | ആദർശ് | പങ്ങട | കോട്ടയം |
| 600. സി.ഇ. മാത്യു | അക്ഷയ | നെടുംകുന്നം | നെടുംകുന്നം |
| 601. പി.ജെ. ആന്റണി | സ്നേഹധാര | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 602. ആന്റണി ജോസഫ് | സ്നേഹധാര | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 603. ഫിലോമിന ജോസഫ് | സ്നേഹഗാഥ | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 604. മാത്യു ജോസഫ് | ഹോളിഫാമിലി | മാന്നില | കുറുമ്പനാടം |
| 605. സെലിനാമ്മ സാം | ഗ്ലോറിയ | മുട്ടാർ CMI | എടത്വാ |
| 606. ബെന്നി മാത്യു | സഹൃദയ | വില്ലൂന്നി | കുടമാളൂർ |
| 607. തോമസുകുട്ടി ജേക്കബ് | അക്ഷയ | മൈലാടി | നെടുംകുന്നം |

| | | | |
|---|---|---|---|
| 608. ആൻസമ്മ ജോസഫ് | സൗഭാഗ്യ | ചാഞ്ഞോടി | തൃക്കൊടിത്താനം |
| 609. ഫിലിപ്പോസ് സി.ജെ. | ഡിവൈൻ | പുല്ലങ്ങടി | ചമ്പക്കുളം |
| 610. റ്റി.ജെ. ജോസഫ് | ചെറുപുഷ്പം | മണിമല ഓൾഡ് | മണിമല |
| 611. മേരിക്കുട്ടി ഉലഹന്നാൻ | സ്വരുമ | വില്ലൂന്നി | കുടമാളൂർ |
| 612. ജോസ് തോമസ് | അനശ്വര | വെട്ടിമുകൾ | അതിരമ്പുഴ |
| 613. ത്രേസ്യാമ്മ ജോസഫ് | കാരുണ്യ | കലവൂർ | ആലപ്പുഴ |
| 614. ജി. മാധവൻ | ഐശ്വര്യ | വാവോട് | അമ്പൂരി |
| 615. എൽസമ്മ ജോർജ്ജ് | നവജ്യോതി | നാൽപ്പാത്തിമല | അതിരമ്പുഴ |
| 616. കല്ല്യാണി ചീരൻ | സൗഭാഗ്യ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 617. കെ.ജെ. ജോസഫ് | സ്നേഹധാര | കേളമംഗലം | എടത്വാ |
| 618. ജോസ് തോമസ് | അനശ്വര | വെട്ടിമുകൾ | അതിരമ്പുഴ |
| 619. ജോസഫ് യു.വി. | ചൈതന്യ | മാമ്മൂട് | കുറുമ്പനാടം |
| 620. എം.ഡി. സേവ്യർ | നസ്രാണി | പാറേൽ | ചങ്ങനാശ്ശേരി |
| 621. സക്കറിയാച്ചൻ | സമൃദ്ധി | മുട്ടാർ ഓൾഡ് | എടത്വാ |
| 622. ടോം ജോസ് | നന്മ | പായിപ്പാട് | തൃക്കൊടിത്താനം |
| 623. ചെറിയാൻ സേവ്യർ | അനുഗ്രഹ | പായിപ്പാട് | തൃക്കൊടിത്താനം |
| 624. ജേക്കബ് റ്റി | ഗ്രാമസമർപ്പണ | പള്ളാത്തുരുത്തി | ആലപ്പുഴ |

## (2) മ്യൂച്വൽ ബെനഫിറ്റ് സ്കീം
## (ഒക്ടോബർ 2022 മുതൽ 2023 മാർച്ച് വരെ)

◆ **മരണാനന്തരസഹായം**

(10,000/- രൂപ വീതം 78 കുടുംബങ്ങൾക്ക് **Rs.** 7,80,000/- നൽകി)

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 790. മറിയാമ്മ തങ്കച്ചൻ വേലക്കളം | പള്ളിക്കൂട്ടുമ്മ | പുളിംകുന്ന് |
| 791. ഓമന വാസപ്പൻ, മുല്ലശ്ശേരി | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 792. മോളി ജോസഫ്, കടുപ്പിൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 793. അന്നമ്മ തോമസ്, കണ്ടത്തിൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 794. വത്സല നരിക്കുഴി | വെട്ടിമുകൾ | അതിരമ്പുഴ |
| 795. മേരിക്കുട്ടി ജോസഫ്, വടക്കേയറ്റം | പഴവങ്ങാടി | ആലപ്പുഴ |
| 796. ജോയി വർഗീസ്, മുട്ടുതോട്ടത്തിൽ | രാജഗിരി | അമ്പൂരി |
| 797. പ്രേം ജി., പുത്തൻമഠം | പഴവങ്ങാടി | ആലപ്പുഴ |
| 798. ഹയറനിസ, പുത്തൻപറമ്പ് | പഴവങ്ങാടി | ആലപ്പുഴ |
| 799. ദേവസ്യാ ദേവസ്യാ, മഠത്തിപ്പറമ്പ് | കൊടുപ്പുന്ന | എടത്വ |
| 800. ഖദീജ ബീവി, പണിപ്പുരപടിറ്റത്തിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 801. അന്നമ്മ മാംങ്കുഴിവേലിൽ | മുഹമ്മ | ആലപ്പുഴ |
| 802. ഔസേഫ് മാത്യു, 80-ൽ ചിറ | നർബോനപുരം | ചമ്പക്കുളം |
| 803. ആന്റണി ജെ. 26-ൽ | നർബോനപുരം | ചമ്പക്കുളം |
| 804. ഔസേഫ് തോമസ്, മംഗലശ്ശേരി | നർബോനപുരം | ചമ്പക്കുളം |
| 805. പുന്നൂസ് കെ.പി., കൊച്ചുപ്ലാപ്പറമ്പിൽ | ഇരവുചിറ | കുറുമ്പനാടം |
| 806. ഏലിക്കുട്ടി ജോർജ്ജ്, തെക്കേൽ | നാലുകോടി | തൃക്കൊടിത്താനം |

| | | |
|---|---|---|
| 807. ത്രേസ്യാമ്മ മാത്യു, പെരുമ്പടമ്പിൽ | വില്ലൂന്നി | കുടമാളൂർ |
| 808. മേഴ്സി ജോസഫ്, വാഴപ്പറമ്പിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 809. മറിയക്കുട്ടി പലകക്കോട് | വില്ലൂന്നി | കുടമാളൂർ |
| 810. ത്രേസ്യാമ്മ ജോർജ്ജ് തയ്യിൽപുതുപ്പറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 811. വൽസമ്മ സെബാസ്റ്റ്യൻ വേലേപ്പറമ്പ് | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 812. രത്നവല്ലി കളിയിൽവീട് | നാൽപ്പാത്തിമല | അതിരമ്പുഴ |
| 813. മണിയമ്മ വളയച്ചിറ | ചീപ്പുങ്കൽ | കുടമാളൂർ |
| 814. ത്രേസ്യാമ്മ ചാണ്ടി തയ്യിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 815. പി.റ്റി. ജോസഫ്, പാറയ്ക്കൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 816. ഔസേഫ് എം. റ്റി. മണ്ണട | പൊങ്ങ | ചമ്പക്കുളം |
| 817. അന്നമ്മ മാത്യു നടുവിലേപറമ്പിൽ | കിഴക്കേമിത്രക്കരി | എടത്വാ |
| 818. ഫിലിപ്പോസ് സി.ജെ. ചാമക്കുന്നേൽ | പുല്ലങ്ങടി | ചമ്പക്കുളം |
| 819. മാത്യു വി.എസ്, വേകത്താനം | മണ്ണാർകുന്ന് | അതിരമ്പുഴ |
| 820. അമ്മിണി വർക്കി, മണ്ഡപത്തിൽ | ആറുമാനൂർ | അതിരമ്പുഴ |
| 821. ദേവസ്യ വർഗീസ്, കണ്ണാടിപ്പാറ | ളാക്കാട്ടൂർ | കോട്ടയം |
| 822. തോമസുകുട്ടി ജേക്കബ്, പുതിയാപറമ്പിൽ | മൈലാടി | നെടുംകുന്നം |
| 823. അന്നമ്മ ചെറിയാൻ, പെരുംചേരിയിൽ | മൈലാടി | നെടുംകുന്നം |
| 824. റംല ഷാജി, രൂപ്നാമലയിൽ | മൈലാടി | നെടുംകുന്നം |
| 825. സജിമോൻ വി.സി. വടക്കേപറമ്പിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 826. തങ്കച്ചി പറത്തറ | അമ്പലപ്പുഴ | എടത്വ |
| 827. എൻ. കെ. ശശികുമാർ, നരിക്കുഴി | കട്ടച്ചിറ | അതിരമ്പുഴ |
| 828. തോമസ് ചാക്കോ, മണ്ണട | പൊങ്ങ | ചമ്പക്കുളം |
| 829. ജഗൻ അബ്രഹാം, സ്രാാമ്പിക്കൽപുത്തൻപുര | മുട്ടാർ | എടത്വാ |
| 830. ജീന അബ്രഹാം, പറമ്പത്ത് | മുട്ടാർ | എടത്വാ |
| 831. ജെ. തോമസ്, പാക്കള്ളിൽ | പുന്നമട | ആലപ്പുഴ |
| 832. ഒ. വർഗീസ് വടക്കേവെളി | ആറാട്ടുവഴി | ആലപ്പുഴ |
| 833. കുഞ്ഞമ്മ തോമസ് കൂട്ടക്കര | പച്ച | എടത്വാ |
| 834. ഹരികുമാർ തെന്നടിച്ചിറ | തകഴി | എടത്വാ |
| 835. തോമസ് പി. ചാക്കോ | പുന്നമട | ആലപ്പുഴ |
| 836. ത്രേസ്യാമ്മ ജോസഫ് ആനക്കാരുപറമ്പിൽ | കലവൂർ | ആലപ്പുഴ |
| 837. ഔസേഫ് ബാബു അൻപതിൽചിറ | കൊടുപ്പുന്ന | എടത്വാ |
| 838. മോളമ്മ ഫ്രാൻസിസ് തുണ്ടുപറമ്പിൽ | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 839. തോമസ് തോമസ് ഒറ്റതൈക്കൽ | വൈശ്യംഭാഗം | ചമ്പക്കുളം |
| 840. എൽസമ്മ ജോർജ്ജ് മാങ്കുഴി | നാൽപ്പാത്തിമല | അതിരമ്പുഴ |
| 841. ജാൻസി തോമസ് ആലുങ്കൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 842. തോമസ് പി.സി. കാഞ്ഞിരത്തിങ്കൽ | കുടമാളൂർ | കുടമാളൂർ |
| 843. സിസിലി ഗ്രിഗോറിയോസ് | അതിരമ്പുഴ | അതിരമ്പുഴ |
| 844. കുഞ്ഞച്ചൻ അട്ടിയിൽ | ചങ്ങങ്കരി | എടത്വാ |
| 845. ത്രേസ്യാമ്മ ജോർജ്ജ്, മുണ്ടപ്ലാക്കൽ | ചേപ്പുംപാറ | കോട്ടയം |
| 846. വി.എസ്. ദേവസ്യ, വാഴപ്പറമ്പിൽ | ആറുമാനൂർ | അതിരമ്പുഴ |

| | | |
|---|---|---|
| 847. റോസമ്മ മാത്യു, കൊച്ചുവീട്ടിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 848. എ. അബ്രഹാം, കളപ്പുരയിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 849. ലീലാമ്മ ജോസഫ് 35-ൽ ചിറ | കല്ലൂർക്കാട് | ചമ്പക്കുളം |
| 850. പി.കെ. മണി, വെട്ടുകുഴിപറമ്പ് | ഇത്തിത്താനം | തുരുത്തി |
| 851. ജോസഫ് ഡി. ചാമപ്പറമ്പിൽ | കരുവാറ്റ | എടത്വാ |
| 852. സോമൻ വി.എം. വാലുപറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 853. ഭാരതി ചെല്ലപ്പൻ, പതിനഞ്ചിൽചിറ | തായങ്കരി | എടത്വാ |
| 854. റ്റി.സി. ജോസഫ്, തുമ്പുങ്കൽ | പാറേൽ | ചങ്ങനാശ്ശേരി |
| 855. ചക്രവാണി, ഈരയിൽ കിഴക്കുംകര | മീൻകുളം | കൊല്ലം |
| 856. സിജി ജോൺസൺ, പരപ്പിൽ | മീൻകുളം | കൊല്ലം |
| 857. ദേവസഹായം പ്ലാങ്കല | രാജഗിരി | അമ്പൂരി |
| 858. മേരിക്കുട്ടി കടുവാക്കുഴി | മാന്നില | കുറുമ്പനാടം |
| 859. ലൈല വർഗീസ് മുളയ്ക്കൽ | മാമ്മൂട് | കുറുമ്പനാടം |
| 860. സാബു തോമസ് കട്ടക്കുഴി | ചേന്നങ്കരി | ചമ്പക്കുളം |
| 861. ഷാജി പി. ജോർജ്ജ്, പാലമൂട്ടിൽ | മുടിയൂർക്കര | കുടമാളൂർ |
| 862. സുമതിയമ്മ കാക്കനാട്ട് | മുടിയൂർക്കര | കുടമാളൂർ |
| 863. ജോൺ വെളുത്തേടത്ത് | അമ്പലപ്പുഴ | എടത്വാ |
| 864. അന്നമ്മ വർഗീസ് മുണ്ടൻകടുപ്പേൽ | വള്ളംചിറ | മണിമല |
| 865. സക്കറിയാച്ചൻ മാളിയേക്കൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 866. സോമശേഖരൻ നായർ ശ്രീവിഹാർ | ഫിൽഗിരി | കൊല്ലം |
| 867. കത്രീനാമ്മ വർഗീസ് കുന്നുംപുറത്ത് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

## (3) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2022 ഒക്ടോബർ മാസം ചികിത്സാ ചെലവിനത്തിൽ 49,410/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| 1. ക്ലാരമ്മ ജോസഫ്, കുന്നുംപുറം | പെരുമ്പനച്ചി | 9,050/- |
| 2. കുര്യാക്കോസ് തോമസ്, ചക്കുകളം | മാടപ്പള്ളി | 8,790/- |
| 3. ഷേർളി ജോസഫ്, മനയത്ത് | നെടുംകുന്നം | 10,820/- |
| 4. ലിസമ്മ മാത്യു, മുരിയൻകാവുങ്കൽ | കുറുമ്പനാടം | 9050/- |
| 5. മരിയ ജോസഫ്, ചാലപ്പറമ്പിൽ | തൃക്കൊടിത്താനം | 6,450/- |
| 6. റോയി ജോസഫ്, കുണ്ടകശ്ശേരിൽ | ചെത്തിപ്പുഴ | 5,250/- |

## SAFP
## സേവ് എ ഫാമിലി പ്ലാൻ-ഫണ്ട് വിതരണം

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധയിൽ 2023 മാർച്ച് മാസം 55 കുടുംബങ്ങൾക്ക് 7,55,166/- രൂപ സഹായധനം നൽകി.

## പ്രോജക്ട് വാർത്തകൾ

### (1) ജൽ ജീവൻ മിഷൻ
### വാട്ടർ ക്വാളിറ്റി ടെസ്റ്റ് ട്രെയിനിംഗ് പ്രോഗ്രാം

കേന്ദ്ര, കേരള സർക്കാരുകളുടെയും കേരള വാട്ടർ അതോറിറ്റിയുടെയും സഹകരണത്തോടുകുടി ചാസ് സംഘടിപ്പിക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചമ്പക്കുളം, നെടുമുടി ഗ്രാമപഞ്ചായത്തുകളിൽ ഒക്ടോബർ 4 മുതൽ 15 വരെ വാട്ടർ ക്വാളിറ്റി ടെസ്റ്റ് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കേഴ്സ്, അംഗൻവാടി ടീച്ചേഴ്സ്, സ്കൂൾ അദ്ധ്യാപകർ, സാമൂഹികപ്രവർത്തകർ, ജലശ്രീ ക്ലബ് വിദ്യാർത്ഥികൾ തുടങ്ങിയവർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. വാർഡ്



മെമ്പർമാർ അദ്ധ്യക്ഷത വഹിച്ച പരിശീലന പരിപാടി പഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീമതി ജലജകുമാരി, ശ്രീമതി മിനിമന്മഥൻ നായർ എന്നിവർ ഉദ്ഘാടനം നിർവഹിച്ചു. ജലത്തിന്റെ PH, TDS, TH ബാക്ടീരിയ, ഓക്സിജൻ തുടങ്ങിയ ഘടകങ്ങൾ കൂടിയും കുറഞ്ഞും മനുഷ്യനെ എങ്ങനെ ബാധിക്കുന്നു എന്നതിനെ കുറിച്ചും അതിന്റെ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും 'മാർച്ച് 22' എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ ശ്രീ. ജയൻ വിശദമാക്കി. പരിശീലന പരിപാടികൾക്ക് ജൽ ജീവൻ മിഷൻ കോ-ഓർഡിനേറ്റർമാരായ ശ്രീ. ബൈജു സി. സേവ്യർ, ശ്രീ. ബിനു ജോസഫ് എന്നിവർ നേതൃത്വം നൽകി.

## ജലശ്രീ ക്ലബ് രൂപീകരണം

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മാടപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ട സാൽവേഷൻ ആർമി എൽ.പി. സ്കൂൾ, സി.എം.എസ്. എൽ.പി. സ്കൂൾ, കുറുമ്പനാടം ഗവ. എൽ. പി. സ്കൂൾ എന്നിവിടങ്ങളിൽ ഒക്ടോബർ 13,14,17 തീയതികളിൽ ജലശ്രീ ക്ലബ് രൂപീകരിച്ചു. ജലത്തിന്റെ പ്രാധാന്യം, ഉപയോഗം, വ്യക്തി ശുചിത്വം, ജലജന്യ രോഗങ്ങൾ എന്നിവയെക്കുറിച്ച് കുട്ടികളെ ബോധവത്കരിച്ച്, ക്ലാസ് അടിസ്ഥാനത്തിൽ ജലശ്രീ ക്ലബ് രൂപീക രിച്ചു. പ്രോജക്ട് കോ-ഓർഡിനേറ്റർമാരായ ശ്രീ. അരുൺ റ്റി., ശ്രീ. ബേബി ജോസഫ് എന്നിവർ ക്ലാസ് നയിച്ചു.

മാടപ്പള്ളി പഞ്ചായത്തിലെ ഗവ. എൽ.പി. സ്കൂളിൽ നവം ബർ 4 ന് ജലശ്രീ ക്ലബ് രൂപികരിച്ചു. കുട്ടികളുടെ സ്വഭാവരൂപീക രണം-പ്ലാസ്റ്റിക്ക് രഹിതഗ്രാമം എന്നിവയെക്കുറിച്ച് ജൽ ജീവൻ മിഷൻ കോ-ഒർഡിനേറ്റർമാരായ ശ്രീ. അരുൺ റ്റി., ശ്രീ. ബേബി ജോസഫ് എന്നിവർ ക്ലാസ് നയിച്ചു.

## ജലസംരക്ഷണ ബോധവത്ക്കരണം

| തീയതി | പഞ്ചായത്ത് | വാർഡ് | പങ്കാളിത്തം |
|---|---|---|---|
| ഒക്ടോ. 7, 8 | മാടപ്പള്ളി | 5,6 | പ്രസിഡന്റ്, സെക്രട്ടറി, മെമ്പർമ്മാർ |
| ഒക്ടോ. 11 | മാടപ്പള്ളി | 3,4 | സ്വാശ്രയസംഘം, അങ്കണവാടി, ആശാവർക്കേഴ്സ് മതസമുദായ നേതാക്കൾ, |
| ഒക്ടോബർ 13 | മാടപ്പള്ളി | 2 | സ്വാശ്രയസംഘം, അങ്കണവാടി, ആശാവർക്കേഴ്സ് |



| | | | |
|---|---|---|---|
| നവംബർ 3 | വാഴപ്പള്ളി | 1,3 | സ്വാശ്രയസംഘം, അങ്കണവാടി |
| നവംബർ 4 | മാടപ്പള്ളി | 3,4 | സി. എസ്.ഐ. എൽപി സ്കൂൾ |
| ഡിസം. 19,20,21 | മാടപ്പള്ളി | - | പത്ത് സ്കൂളുകൾ |
| ജനുവരി 28 | വാഴപ്പള്ളി | 5-8 | പ്രസിഡന്റ്,സെക്രട്ടറി,മെമ്പർമ്മാർ |
| ജനുവരി. 27 | വാഴപ്പള്ളി | 1,4,5,6 | എട്ട് സ്കൂളുകൾ |
| ഫെബ്രു. 10 | വാഴപ്പള്ളി | 17 | വാർഡ് അംഗങ്ങൾ |
| ഫെബ്രു. 12,17 | വാഴപ്പള്ളി | 9,10,18 | മൂന്ന് സ്കൂളുകൾ |

## ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്

**മാടപ്പള്ളി** ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഒക്ടോബർ 10,12,13 തീയതികളിൽ ഗ്രാമനിവാസികൾക്ക് ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. വാർഡ് മെമ്പർമാർ അദ്ധ്യക്ഷതവഹിച്ചു. 'കുട്ടികളിൽ ലഹരിയുടെ ഉപയോഗം' എന്ന വിഷയത്തിൽ കോഡിനേറ്റർ ശ്രീ. അരുൺ റ്റി. ക്ലാസ് നയിച്ചു.

**മാടപ്പള്ളി** പഞ്ചായത്തിലെ തെങ്ങണ വാർഡിൽ സ്ഥിതിചെയ്യുന്ന മൂന്ന് അങ്കണവാടികളിലെ കൗമാരക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒക്ടോബർ 22 ന് ലഹരി വിരുദ്ധ ബോധവത് ക്കരണ ക്ലാസ് സംഘടിപ്പിച്ചു.

## ചാസ് നിറപറ-2022 ലോഗോ പ്രകാശനം

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചാസ്-ആലപ്പുഴ, എടത്വ, പുളിംകുന്ന്, ചമ്പക്കുളം മേഖലകളെ പങ്കെടുപ്പിച്ചു ചമ്പക്കുളം,



നെടുമുടി പഞ്ചായത്തുകളുടെ സഹകരണത്തോടെ ഒരുക്കിയ കാർഷിക പുഷ്പമേളയുടെ ലോഗോ പ്രകാശനം നവംബർ 30 ന് മന്ത്രി പി. പ്രസാദ് നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം എന്നിവർ പങ്കെടുത്തു.

## സ്കൂൾ വിദ്യാർത്ഥികൾക്ക് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്ക് നവംബർ 30 ന് ചമ്പക്കുളം സെന്റ് മേരീസ് HSS ൽ വച്ച് ഉപന്യാസം, ചിത്രരചന, കവിത രചന എന്നീ മത്സരങ്ങൾ




സംഘടിപ്പിച്ചു. ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ കുട്ടികൾക്ക് കാർഷിക മേളയുടെ സമാപനദിവസം സമ്മാനം നൽകുകയും കൈയ്യെഴുത്ത് മാസികയുടെ പ്രകാശനം നടത്തുകയും ചെയ്തു.

## നിറപറ-2022 കാർഷികമേള

**ചമ്പക്കുളം, നെടുമുടി** ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി 'നിറപറ-2022' കാർഷികമേള ഡിസംബർ-15 മുതൽ 19 വരെ വൈവിധ്യമാർന്ന കർമ്മ പരിപാടികളോടുകൂടി ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക മൈതാനിയിൽ ചങ്ങനാശേരി ഇടിമണ്ണിക്കലിന്റെ സഹായത്തോടെ സംഘടിപ്പിച്ചു. 2022-ൽ കുട്ടനാട്ടിലെ ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളിൽ തുടക്കം കുറിച്ച ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വിജ്ഞാനപ്രദമായ സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, കർഷകറാലി, പൊതുസമ്മേളനം, കാർഷിക-കാർഷികേതര ഉല്പ്പന്നങ്ങളുടെ പ്രദശനവും





വിപണനവും, റോഡ് ഷോ, നാടൻഭക്ഷണശാലകൾ, കുടുംബ ശ്രീ–സ്വാശ്രയസംഘം കലാപരിപാടികൾ, കലാസന്ധ്യ തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ മേളയിൽ ക്രമീകരിച്ചിരുന്നു.

നിറപറ–2022 കാർഷിക മേളയുടെ ഔപചാരിക ഉദ്ഘാടനം ഡിസംബർ 15 ന് കേരളസംസ്ഥാന ജലവിഭവവകുപ്പ് മന്ത്രി ബഹു. റോഷി അഗസ്റ്റിൻ നിർവഹിച്ചു. ചങ്ങനാശ്ശേരി എംഎൽഎ ശ്രീ. ജോബ് മൈക്കിൾ, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ചമ്പക്കുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജലജ കുമാരി, നെടുമുടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി മന്മഥൻ നായർ, ചമ്പക്കുളം ബസിലിക്ക റെക്ടർ പെരി. ബഹു. ഫാ. ഗ്രിഗറി ഓണം കുളം, നബാർഡ് കോട്ടയം ഡി,ഡിഎം ശ്രീ. റെജി വർഗീസ്, ശ്രീ. ജോസഫ് കെ. നെല്ലുവേലി, വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ്




എഞ്ചിനീയർ ശ്രീ. പി. ജയകുമാർപി, ശ്രീ. ജോസ്മോൻ എന്നിവർ ആശംസകൾ അർപ്പിച്ചു. എക്സിബിഷൻ സ്റ്റാളിന്റെ ഉദ്ഘാടനം വികാരി ജനറാൾ പെരി. ബഹു. ഫാ. ജോസഫ് വാണിയപ്പുരയ്ക്കലും റാലിയുടെ ഫ്ളാഗ് ഓഫ് നെടുമുടി പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. എം.ജെ. ദേവസ്യയും നിർവ്വിച്ചു. തുടർന്ന്

കാലാവസ്ഥാ വ്യതിയാനവും ജലസംരക്ഷണവും എന്ന വിഷയത്തെ ആസ്പദമാക്കി ജലവിഭവകുപ്പ് മുൻ ഡയറക്ടർ ശ്രീ. സുബാഷ് ചന്ദ്രബോസ് ക്ലാസ് നയിച്ചു.

രണ്ടാം ദിവസം കർഷകറാലി വനിതാ സെൽ പോലീസ് ഇൻസ്പെക്ടർ ശ്രീമതി സെലീനാ ബീവി നിർവ്വഹിച്ചു. പൊതു സമ്മേളനം ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ബിനു ഐസക് രാജു ഉദ്ഘാടനം ചെയ്തു. എടത്വാ ഫൊറോന വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി അനുഗ്രഹപ്രഭാഷണം നടത്തി. ചാസ് മുൻ ഡയറക്ടർ ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ കിഫ്ബി അസി.



എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷിഹാബുദ്ദീൻ ശ്രീ. ജോസഫ് വല്ല്യാക്കൽ, ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്ര ഹാം, ശ്രീ. ബിനു ജോസഫ്, ശ്രീ. ജോഷി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. 'മത്സ്യകൃഷി സാധ്യതകളും മാലിന്യസംസ്ക്കരണവും' എന്ന വിഷയത്തെ അടിസ്ഥനമാക്കി കുമരകം കാർഷിക റിസേർച്ച് സെന്റർ മുൻ ഡയറക്ടർ ഡോ. കെ.ജി. പത്മകുമാർ, ശ്രീ. ജോജോ റ്റി.ഡി. എന്നിവർ ക്ലാസ് നയിച്ചു.

മൂന്നാം ദിവസം ഡിസംബർ 17 ശനിയാഴ്ച രാവിലെ 10 മണിക്ക് പൊതുസമ്മേളനം അതിരൂപതാ വികാരി ജനറാൾ പെരി.ബഹു.ജയിംസ്



പാലയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിപിൻ സി ബാബു ഉദ്ഘാടനം ചെയ്തു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം, എടത്വാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മറിയാമ്മ ജോർജ്ജ്, പുളിംകുന്ന് ഫൊറോനാ വികാരി വെരി.റവ. ഫാ. മാത്യു പുത്തനങ്ങാടി, ക്രിസ് ജോയിന്റ് ഡയറക്ടർ ഫാ. ജോസഫ് കൊച്ചുചിറയിൽ ശ്രീ. ഡി ജോസഫ് എന്നിവർ പ്രസംഗിച്ചു. 'കുട്ടനാടൻ കർഷകർ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും' എന്ന വിഷയത്തെ അടിസ്ഥന മാക്കി മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം പ്രൊഫ. ശ്രീമതി നിമ്മി ക്ലാസ് നയിച്ചു.

നാലാം ദിവസം അതിരൂപതാ വികാരി ജനറാൾ പെരി. ബഹു. വർഗീസ് താനമാവുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതു സമ്മേളനം ശ്രീ. കൊടുക്കുന്നിൽ സുരേഷ് എം.പി. ഉദ്ഘാടനം നിർവ്വഹിച്ചു. ചങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ അനുഗ്രഹ പ്രഭാഷണവും ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശവും നൽകി. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഗോകുൽ ഷാജി, പുളിംകുന്ന്



പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അമ്പിളി റ്റി. ചാസ് പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പുളിംകുന്ന് മേഖലാ പ്രസിഡന്റ് ശ്രീ. ലാലിച്ചൻ മരിയാലയം എന്നിവർ പ്രസംഗിച്ചു. 'ലഹരി കുടുംബ ബന്ധങ്ങൾ ശിഥിലമാക്കുന്നുവോ' എന്ന വിഷയത്തെ അടിസ്ഥന മാക്കി അക്സപ്റ്റ് പ്രോജക്ട് ഇൻചാർജ് കൗൺസിലർ ശ്രീ. ലിറ്റി മോൻ എം.എസ്. ക്ലാസ് നയിച്ചു.

സമാപന സമ്മേളനം ചങ്ങനാശ്ശേരി അതിരൂപതാ മെത്രാ പ്പോലിത്ത അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം നിർ വഹിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ വികാരി ജനറാൾ പെരിയ



ബഹു. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, മുൻ ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, നെടുമുടി-ചമ്പക്കുളം പഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീമതി ജലജ കുമാരി, ശ്രീമതി മിനി മന്മഥൻ, എൻഎസ്എസ് കുട്ടനാട് താലൂക്ക് യൂണിയൻ പ്രസിഡന്റ് ഡോ. കെ.പി. നാരായണ പിള്ള, ബോർഡ് മെമ്പർ ശ്രീ. ജോസഫ് കെ. നെല്ലുവേലി, എന്നിവർ പ്രസംഗിച്ചു. തുടർന്ന് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ബിനു ഐസക്ക് സമ്മാനദാനവും ചമ്പക്കുളം ബസിലിക്ക ഡയറക്ടർ വെരി. റവ. ഫാ. ഗ്രിഗറി ഓണംകുളം മുതിർന്ന കർഷകരെ ആദരിക്കുകയും ചെയ്തു. 'ബദൽ ജീവിതശൈലി' എന്ന വിഷയത്തിൽ ഡോ. സുരേഷ് ബാബു ക്ലാസ് നയിച്ചു.

**വികസന സെമിനാർ**

ജനുവരി 28 ന് വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് രാവിലെ 10.30 ന് വികസന സെമിനാർ സംഘടിപ്പിച്ചു. യോഗത്തിൽ പ്രസിഡന്റ് ശ്രീമതി ഷീലാ തോമസ് അദ്ധ്യക്ഷത



വഹിച്ചു. വൈസ് പ്രസിഡന്റ് ശ്രീ. ബിനു മൂലയിൽ മുഖ്യപ്രഭാഷണം നടത്തി. ഐസിഡിഎസ് സൂപ്പർവൈസർ ശ്രീമതി ഐശ്വര്യ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. ജസ്റ്റിൻ പാലത്തിങ്കൽ, ശ്രീ. സുനിൽ പി.ആർ. എന്നിവർ പ്രസംഗിച്ചു. ജെ.ജെ.എം. കോ. ഓർഡിനേറ്റർ ശ്രീമതി സിജി ബിജുമോൻ പദ്ധതി വിശദീകരണം നടത്തി. 5,6,7,8 വാർഡുകളിൽ നിന്നും 55 അംഗങ്ങൾ പങ്കെടുത്തു.

ജനുവരി 31 ന് 10,11,12,13 വാർഡുകളിൽ നിന്നുള്ളവർക്കായി രാവിലെ 10.30 ന് സെമിനാർ നടത്തി. വൈസ് പ്രസിഡന്റ് ശ്രീ. ബിനു മൂലയിൽ അദ്ധ്യക്ഷതവഹിച്ചു. പ്രസിഡന്റ് ശ്രീമതി ഷീലാ തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു. സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ ശ്രീമതി ലീലാമ്മ ടോമി, ശ്രീ. വി.ജെ. ലാലി, വാർഡ് മെമ്പർമ്മാർ എന്നിവർ സന്നിഹിതരായിരുന്നു. 60 അംഗങ്ങൾ പങ്കെടുത്തു. ജെ.ജെ.എം. കോ. ഓർഡിനേറ്റർ ശ്രീമതി സിജി ബിജുമോൻ പദ്ധതി വിശദീകരണം നടത്തി. ബ്രദർ അനുമോൻ കിളിയംവേലിൽ നേതൃത്വം നൽകി.

**ജൽ ജീവൻ അവലോകനം**

വാഴപ്പള്ളി പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഫെബ്രുവരി 9-ാം തീയതി അവലോകനയോഗം സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ഭരണസമിതി



അംഗങ്ങളും ചാസ് പ്രതിനിധികളും പങ്കെടുത്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രോജ്ക്ട് ഓഫീസർ സിസ്റ്റർ സെൽമ SRA പ്രോജക്ട് കോ-ഓർഡിനേറ്റർമാരായ ശ്രീ. ബേബി ജോസഫ്, ശ്രീമതി സിജി ബിജുമോൻ എന്നിവർ ഭരണസമിതിയംഗങ്ങളുമായി സംസാരിച്ച് പദ്ധതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുകയും ഭാവി പ്രവർത്തനങ്ങൾക്കുവേണ്ട രൂപരേഖ സമർപ്പിക്കുകയും ചെയ്തു.

**പദ്ധതി അവലോകന യോഗം**

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നെടുമുടി ഗ്രാമ പഞ്ചായത്തിൽ ഫെബ്രുവരി 14-ാം തീയതി രാവിലെ സർക്കാർ തലത്തിലുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളുടെ വികസന പദ്ധതികൾ (ജലനിധി, ശുചിത്വ മിഷൻ, ബ്ലോക്ക്, ജില്ല, തൊഴിൽ ഉറപ്പ്) പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് യോഗം നടത്തി. വൈസ് പ്രസിഡന്റ് ശ്രീ. വർഗീസ് ജോസഫ് വല്ല്യാക്കലിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ബിനു ഐസക് രാജു ഉദ്ഘാടനം നർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ സന്നിഹതരായിരുന്നു. JJM കോ-ഓർഡിനേറ്റർമാരയ ശ്രീ. ബിനു ജോസഫ്, ശ്രീ. ബൈജു സി സേവ്യർ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി സ്മിത രാജേഷ് എന്നിവർ പ്രസംഗിച്ചു.

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ ഫെബ്രുവരി 14-ാം തീയതി ഉച്ചകഴിഞ്ഞ് സർക്കാർതലത്തിലുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളുടെ വികസന പദ്ധതികൾ (ജലനിധി, ശുചിത്വ മിഷൻ, ബ്ലോക്ക്, ജില്ല, തൊഴിൽ ഉറപ്പ്) പഞ്ചായത്തിൽ എങ്ങനെ നടപ്പിലാക്കാം എന്ന് ആലോചിക്കുന്നതിനു അവലോകനയോഗം നടത്തി. വൈസ് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജിൻസി ജോളി ഉദ്ഘാടനം നർവ്വഹിച്ചു. ജില്ല-ബ്ലോക്ക് ഗ്രാമപഞ്ചായത്ത് മെമ്പർമാർ സന്നിഹതരായിരുന്നു. JJM കോ-ഓർ ഡിനേറ്റർമാരയ ശ്രീ. ബിനു ജോസഫ്, ശ്രീ. ബൈജു സി സേവ്യർ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി എസ് മായ ദേവി എന്നിവർ പ്രസംഗിച്ചു.

**കലണ്ടർ വിതരണം**

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചമ്പക്കുളം, നെടുമുടി, വാഴപ്പള്ളി, മാടപ്പള്ളി ഗ്രാമപഞ്ചായത്തുകളിലെ വിവിധ സ്ഥാപനങ്ങളിലും, വാർഡ് മെമ്പർമ്മാർക്കും മറ്റ് അംഗങ്ങൾക്കും ജലത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന ചിത്രങ്ങളും വാക്യങ്ങളും ഉൾപ്പെടുത്തിയ വോൾ കലണ്ടർ, ടേബിൾ കലണ്ടർ, ആർട്ട് കലണ്ടർ, പ്ലാനർ, നോട്ടീസ്, മൾട്ടി കളർ ലീഫ് ലെറ്റ് എന്നിവ വിതരണം ചെയ്തു. ISA കോ-ഓർഡിനേറ്റർമ്മാരായ ശ്രീ. ബൈജു സി. സേവ്യർ, ശ്രീ. ബിനു ജോസഫ്, ശ്രീ. ബേബി ജോസഫ്, ശ്രീമതി സിജി ബിജുമോൻ എന്നിവർ നേതൃത്വം നൽകി.

### LED Wall സ്ഥാപിച്ചു

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചമ്പക്കുളം, നെടുമുടി, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ LED Wall സ്ഥാപിച്ചു. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും ജനങ്ങൾക്ക് കൂടുതൽ ബോധ്യമാക്കുന്നതിനും പദ്ധതിയി



ജലത്തിന്റെ ഉപയോഗം, പ്രാധാന്യം, ജലസംരക്ഷണം, കാലാവസ്ഥാ, പഞ്ചായത്തിന്റെ മറ്റ് വിവരങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടാണ് LED Wall സ്ഥാപിച്ചിരിക്കുന്നത്.

### ബോധവത്ക്കരണ ക്ലാസ്

**വാഴപ്പള്ളി** ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ 19-ാം വർഡ് പാറേൽ വടക്കേക്കരയിൽ 2023 ജനുവരി 13 ന് കൂടിയ ഗ്രാമസഭയിൽ ജൽ ജീവൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീലാ തോമസ് അദ്ധ്യക്ഷതവഹിച്ചു. വാർഡ് മെമ്പർ ശ്രീ. സുജിത് കുമാർ, ISA കോ-ഓർഡിനേറ്റർമ്മാരായ ശ്രീ. ബേബി ജോസഫ്, ശ്രീ. സാജുമോൻ ജോസഫ് എന്നിവർ നേതൃത്വം നൽകി. 42 അംഗങ്ങൾ പങ്കെടുത്തു.

### (2) Farmer Producer Company (FPC)

നബാർഡിന്റെ അംഗീകാരത്തോടെ ചാസിന്റെ ആഭിമുഖ്യത്തിൽ ഒരു കർഷക ഉൽപ്പാദന കമ്പനി FPC Ltd എന്ന പേരിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. താത്പര്യമുള്ള കർഷകരെ 2000 രൂപയുടെ ഷെയർ എടുപ്പിച്ച് അഗത്വം നൽകുന്നതിനായി പ്രത്യേക കാമ്പേയിൻ ചാസ് യൂണിറ്റുതലങ്ങളിൽ സംഘടിപ്പിച്ചു. ഇതിനോടകം 250 കർഷകർ ഷെയർ എടുത്തുകഴിഞ്ഞു.

| *തീയതി* | *യൂണിറ്റ്* |
|---|---|
| 20.09.22 | ചീരംചിറ, പാറേൽ |
| 21.09.22 | ഫാത്തിമാപുരം |

24.09.22 ഇത്തിത്താനം, പൊടിപ്പാറ, ചെത്തിപ്പുഴ
26.09.22 കൊടിനാട്ടുകുന്ന്, മുണ്ടുപാലം
24.10.22 ചാഞ്ഞോടി, പായിപ്പാട്

**അവലോകനയോഗം**

**പൊങ്ങന്താനം** അഗ്രി ഫാർമേഴ്സ് പ്രോഡ്യൂസർ കമ്പനിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിനും കമ്പനിയുടെ വരും കാലപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി ജനുവരി 12 ന് ചാസ് കേൺഫറൻസ് ഹാളിൽ മീറ്റിംഗ് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം എന്നിവർ പ്രസംഗിച്ചു.

**ഓഫീസ് ഉദ്ഘാടനം**

**മാടപ്പള്ളി** അഗ്രി ഫാർമേഴ്സ് പ്രോഡ്യൂസർ കമ്പനിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും കമ്പനിയുടെ വരും കാലപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി ജനു വരി 16ന് ചാസ് കോൺഫറൻസ് ഹാളിൽ മീറ്റിംഗ് സംഘടിപ്പിച്ചു. നബാർഡ് എജിഎം ശ്രീ. റെജി വർഗീസ് കമ്പനിയുടെ ഇതു വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം എന്നിവർ പ്രസംഗിച്ചു.

**പൊങ്ങന്താനം** ഫാർമേഴ്സ് വെൽഫയർ പ്രൊഡ്യൂസർ കമ്പനി ഓഫീസിന്റെയും, വിപണനകേന്ദ്രത്തിന്റെയും ഉദ്ഘാടനവും ഷെയർ സർട്ടിഫിക്കറ്റ് വിതരണവും ഫെബ്രുവരി 6 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് സെന്റ് ജോൺസ് ബാപ്റ്റിസ്റ്റ് ഫൊറോന പാരീഷ്ഹാ ളിൽ വച്ച് നടത്തപ്പെട്ടു. അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനവും സർട്ടിഫിക്കറ്റ് വിത രണവും നടത്തി. സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ഫൊറോനാ വികാരി വെരി റവ. ഫാ. വർഗീസ് കൈതപ്പറമ്പിൽ, ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം, നെടുംകുന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബീന സി.ജെ., നെടുംകുന്നം മർച്ചന്റ് അസോസ്സിയേഷൻ പ്രസിഡന്റ് ശ്രീ. സോജൻ സ്കറിയ, കൃഷി ഓഫീസർമാരായ ഡോ. അനീനാ സൂസൻ സ്ക്കറിയാ, ശ്രീമതി ബിന്ദു റ്റി. ശ്രീ. അനിൽ സെബാസ്റ്റ്യൻ, ശ്രീ. മുഹമ്മദ് അൻസീം, ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി എൽസി അഗസ്റ്റിൻ, വൈസ് ചെയർമാൻ ശ്രീ. ബാബു ജോസഫ് എന്നിവർ പ്രസംഗിച്ചു.

## ആശാകിരണം

### 'പിങ്ക് ഡേ' ദിനാചരണം

ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ചാസ് അങ്കണത്തിൽ ഒക്ടോബർ 22ന് പിങ്ക് ഡേ ദിനാചരണം നടത്തി. സ്തനാർബുദ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീമതി ഷീബ സന്തോഷ് എന്നിവർ പ്രസംഗിച്ചു.

### മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

**കിളിരൂർ** യൂണിറ്റിന്റെ നേതൃത്വത്തിൽ എസ്.എച്ച് മെഡിക്കൽ സെന്ററും, തിരുവാർപ്പ് പഞ്ചായത്തുമായി സഹകരിച്ച് തിരുവാർപ്പ് യു.പി. സ്കൂളിൽ വച്ച് ഒക്ടോബർ 30 ന് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അജയൻ കെ. മേനോൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് മുളവന അദ്ധ്യക്ഷതവഹിച്ചു. 185 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

### സൗജന്യ മെഡിക്കൽ ക്യാമ്പ്

**കണ്ടങ്കരി** ചാസ് യൂണിറ്റിന്റെയും പച്ച ചെക്കിടിക്കാട് ലൂർദ്ദ്മാതാ ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ നവംബർ 26, 27 തീയതികളിൽ സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കാഞ്ഞിരവേലിൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.



**കിഴക്കേമിത്രിക്കരി** ചാസ് യൂണിറ്റിന്റെയും-മാതൃപിതൃവേദി യുടെയും സംയുക്താഭിമുഖ്യത്തിൽ ആലപ്പുഴ സഹൃദയ ഹോസ്പിറ്റലുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ലിജോ കുഴിപ്പള്ളിൽ, സഹൃദയ ഡയറക്ടർ റവ. ഫാ. തോമസ് മാളിയേക്കൽ, മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലിനി ജോളി, വൈസ് പ്രസിഡന്റ് ശ്രീ. ബോബൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. മാതൃപിതൃവേദി, ചാസ് യൂണിറ്റ്, ജനപ്രതിനിധികൾ എന്നിവർ നേതൃത്വം നൽകി.

**കാൻസർ ബോധവത്കണ സെമിനാറും-മെഡിക്കൽക്യാമ്പും**

ഫെബ്രുവരി 4 ലോക കാൻസർ ദിനത്തോടനുബന്ധിച്ച് ചാസ്, കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 7-ാം തീയതി ചാസ്




കോൺഫ്രൻസ് ഹാളിൽ ബോധവത്കണ സെമിനാറും-മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. ഡോ. റോഷ്നാ സ്തനാർബുദത്തെയും, സ്വയം സ്തന പരിശോധനയെക്കുറിച്ചും ക്ലാസ് നയിച്ചു. പുഷ്പഗിരി കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട് മെന്റിലെ 10 ഡോക്ടേഴ്സ് ക്യാമ്പ് നയിച്ചു. അസംപ്ഷൻ കോളേജ് സോഷ്യൽ വർക്ക് ഡിപ്പാർട്ടുമെന്റ് HOD സി. ശാലിനി CMCയുടെ നേതൃത്വത്തിൽ 145 വിദ്യാർത്ഥിനികൾ പങ്കെടുത്തു. അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, ചാസ് പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, കുമാരി അമൃതാ എസ് രാജ് എന്നിവർ പ്രസംഗിച്ചു. പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീമതി ഷീബാമോൾ സന്തോഷ് നേതൃത്വം നൽകി.

ഫെബ്രുവരി 14-ാം തീയതി ചാസ് ഓഡിറ്റോറിയത്തിൽ സ്വാശ്രയ സംഘാംഗങ്ങൾക്ക് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ഡോ. അഭിരാമി പ്രകാശ് ജീവിതശൈലി രോഗങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീമതി ഷീബാമോൾ സന്തോഷ് എന്നിവർ പ്രസംഗിച്ചു. 94 അംഗങ്ങൾ പങ്കെടുത്തു.




**ആശാകിരണം കാൻസർ-ബോധവത്ക്കരണം യൂണിറ്റ് തലത്തിൽ**

| *തീയതി* | *യൂണിറ്റ്* |
|---|---|
| 16.02.2023 | പച്ച-ചെക്കിടിക്കാട് |
| 19.02.2023 | കൊടുപ്പുന്ന |
| 20.02.2023 | ഫാത്തിമാപുരം |
| 09.03.2023 | വെരൂർ |
| 07.03.2023 | പഴവങ്ങാടി |



## കേന്ദ്ര വാർത്തകൾ

### ഭക്ഷ്യകിറ്റ് വിതരണം

**കൊല്ലം** മേഖലാ PME യോടനുബന്ധിച്ച് സാമ്പത്തികമായി ഏറെപിന്നോക്കം നിൽക്കുന്ന വിവിധ യൂണിറ്റുകളിലെ 32 കുടുംബങ്ങൾക്ക് ഒക്ടോബർ 1-ാം തീയതി ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെയും, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിയുടെയും നേതൃത്വത്തിൽ ഭക്ഷ്യകിറ്റ് വിതരണം ചെയ്തു.

### യൂണിറ്റ് രൂപീകരണം

**അമ്പൂരി** മേഖലയിൽ വിതുര, പാലോട് എന്നിവിടങ്ങളിൽ ഒക്ടോബർ 2-ാം തീയതി ചാസിന്റെ പുതിയ യൂണിറ്റ് ആരംഭിച്ചു. ചാസിന്റെ പ്രവർത്തന മേഖലകളെക്കുറിച്ച് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ എന്നിവർ വിശദീകരിച്ചു.

### വാർഷിക ധ്യാനം

ചാസ് സ്റ്റാഫ് അംഗങ്ങൾക്ക് ഒക്ടോബർ 4,5,6 തീയതികളിൽ ചാസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ധ്യാനം റവ. ഫാ. ജോസഫ് കടുപ്പിൽ നയിച്ചു.

### യൂണിറ്റ് സന്ദർശനം

യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഒക്ടോബർ 11 ന് മുട്ടാർ ന്യൂ, കിഴക്കേമിത്രക്കരി എന്നീ യൂണിറ്റുകൾ സന്ദർശിച്ച് ഭാരവാഹികളുമായി ചർച്ചനടത്തി

### സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ

ചങ്ങനാശ്ശേരി SB, അസംപ്ഷൻ, കോന്നി NSS, ചേർപ്പുങ്കൽ BVM, IGNOU എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഏകദിന



ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ ക്ലാസ് നയിച്ചു.

ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ്, ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി തുറവൂർ റീജിയണൽ സെന്റർ എന്നിവിടങ്ങളിൽ നിന്നും വന്ന സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ സന്നദ്ധ പ്രവർത്തനങ്ങളെക്കുറിച്ചും ചാസിന്റെ വിവിധ പ്രവർത്തന മേഖലകളെക്കുറിച്ചും ക്ലാസ് നയിച്ചു.

**പേപ്പർ ക്യാരി ബാഗ് നിർമ്മണ പരിശീലനം**

കോടിമത ബിഗ് മാസ്റ്റർ ട്രെയിനിംഗ് സെന്ററിൽ ചാസ് ടീം അംഗങ്ങൾക്ക് പേപ്പർ ക്യാരി ബാഗ് നിർമ്മിക്കുന്നതിൽ 'ഒക്ടോബർ 3ന് പരിശീലനം ലഭിച്ചു. 14 അംഗങ്ങൾ പങ്കെടുത്തു.

**സൈക്കോ സോഷ്യൽ ഇൻർവെൻഷൻ**

മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ സാൽവേഷൻ ആർമി എൽ.പി. സ്കൂൾ, സി.എം.എസ്. എൽ.പി. സ്കൂൾ, കുറുമ്പനാടം ഗവ. എൽ.പി. സ്കൂൾ എന്നീ സ്കൂളുകളിലെ കുട്ടികൾക്കുവേണ്ടി ഒക്ടോബർ 13,14,17 തീയതികളിൽ ശിശു സൗഹൃദ ലൈംഗീക വിദ്യാഭ്യാസത്തെക്കുറിച്ച് (Good Touch and Bad Touch) കോ-ഓർ ഡിനേറ്റർ ശ്രീ. അരുൺ റ്റി ക്ലാസെടുത്തു. BVM കോളേജിലെ MSW വിദ്യാർത്ഥികൾ ക്ലാസിന് നേതൃത്വം നൽകി.

**സി.ബി.ആർ. വായ്പാമേള**


ചാസ്-റിഹാസ്വിസിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതിയിൽ ഭിന്നശേഷിക്കാർക്ക് ജീവനോപാധികൾ കണ്ടെത്തുന്നതിനുള്ള വായ്പാമേള നവംബർ 3ന് കൊല്ലം ഫിൽഗിരി യൂണിറ്റിൽ വച്ചും നവംബർ 7ന് ചാസ് കേന്ദ്ര ഓഫീസിൽ വച്ചും നടത്തപ്പെട്ടു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ വായ്പാ വിതരണോദ്ഘാടനം നടത്തി. അസി. ഡയ റക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ അദ്ധ്യക്ഷതവഹിച്ചു. പ്രോഗ്രാം ഓഫീസർ ശ്രി. ജോബി മാത്യു പദ്ധതി വിശദീകരണവും, പ്രോജ ക്ട് കോ-ഓർഡിനേറ്റർ ശ്രീമതി ഷീബ സന്തോഷ്, മേഖലാ




കോ-ഓർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് എന്നിവർ ആശംസകൾ നേർന്നു. 18 യൂണിറ്റുകളിൽ നിന്നും 41 കുടുംബങ്ങൾക്ക് 6,10,000/- രൂപ കുടുംബാംഗങ്ങളുടെ സഹകരണത്തോടെ വരുമാന പദ്ധതി ആരംഭിക്കുന്നതിന് നൽകി.

**കെയർ എ ഫാമിലി പ്രോഗ്രാം**

സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട സാധുകുടുംബങ്ങളെ ജാതി-മത വർഗ്ഗരാഷ്ട്രീയ പരിഗണനകൾക്കതീതമായി മാനവശേഷി വികസനവും സ്വയം തൊഴിൽ പദ്ധതികളും ഉറപ്പാക്കി, സ്വയം



പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ചാസ് നടപ്പിലാക്കിവരുന്ന 'കെയർ എ ഫാമിലി' പ്രോഗ്രാമിൽ 2022 നവംബർ മാസം 29 കുടുംബങ്ങൾക്ക് 5,84,000/- രൂപ വിതരണം ചെയ്തു.

| *തീയതി* | *മേഖല* | *കുടുംബങ്ങൾ* | *തുക* |
|---|---|---|---|
| 03.11.2022 | കൊല്ലം | 7 | 140000/- |
| 03.11.2022 | അമ്പൂരി | 7 | 124000/- |
| 11.11.2022 | കുറുമ്പനാടം | 15 | 320000/- |

## SAFP

### ക്ലസ്റ്റർ മീറ്റിംഗ് & മോണിട്ടറിംഗ്

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് പുതിയ സംരംഭകത്വ പദ്ധതി തുടങ്ങുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും, ഓരോ കുടുംബവും നിലവിൽ ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾ വിലയിരുത്തുന്നതിനും,

ക്ലസ്റ്റർ മീറ്റിംഗും ഭവനസന്ദർശനവും നടത്തി. SAFP പ്രോജക്ട് കോ-ഓർഡിനേറ്റർ കുമാരി നിവ്യ ജോസഫ്, മേഖലാ കോ-ഓർനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് എന്നിവർ നേതൃത്വം നൽകി.

| *തീയതി* | *ക്ലസ്റ്റർ* |
|---|---|
| ഒക്ടോബർ 3 | കരുവാറ്റ |
| ഒക്ടോബർ 10 | നെടുംകുന്നം |
| നവംബർ 3 | കുറുമ്പനാടം |
| നവംബർ 21 | എടത്വാ |
| നവംബർ 24 | വള്ളംചിറ |
| നവംബർ 25 | തെള്ളകം |
| നവംബർ 26 | അതിരമ്പുഴ |
| നവംബർ 27 | ചങ്ങനാശ്ശേരി |
| ഡിസംബർ 05 | മരിയാപുരം |
| ഡിസംബർ 06 | ആലപ്പുഴ |
| ഡിസംബർ 07 | കാവാലം |
| ഡിസംബർ 12 | ചമ്പക്കുളം |

### പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ 2022-2028 കാലയളവിലേയ്ക്ക് ചാസിന്റെ വിവിധ മേഖലകളിൽ നിന്നും ഒക്ടോബർ മാസത്തിൽ 27 കുടുംബങ്ങളെ തെരഞ്ഞെടുത്തു.

| *തീയതി* | *യൂണിറ്റ്* | *കുടുംബങ്ങളുടെ എണ്ണം* |
|---|---|---|
| ഒക്ടോ. 10 | ചേന്നങ്കരി | 3 |
| ഒക്ടോ. 19, 22 | പായിപ്പാട് | 18 |
| ഒക്ടോ. 20 | മാടപ്പള്ളി | 6 |

### പദ്ധതി നിരീക്ഷണവും - വിലയിരുത്തലും

സേവ് എ ഫാമിലി പ്ലാൻ എറണാകുളം ഓഫീസിൽ നിന്നും പ്രോഗ്രാം ഓഫീസൽ ശ്രീ. ലിബിൻ അരിശ്ശേരിൽ ഫെബ്രുവരി



2,3,4 തീയതികളിൽ ചാസ് കേന്ദ്ര ഓഫീസ് സന്ദർച്ച് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രോജക്ട് ഓഫീസർ സി. സെൽമ SRA, സേവ് എ ഫാമിലി പ്ലാൻ ഫീൽഡ് കോ-ഓർഡിനേറ്റർ കുമാരി നിവ്യ ജോസഫ് എന്നിവരുമായി കുടുംബോദ്ധാരണ പദ്ധതിയുടെ നില വിലെ പ്രവർത്തനങ്ങൾ വിലയിത്തുകയും. 14 കുടുംബങ്ങൾ സന്ദർശിക്കുകയും ചെയ്തു.

**ഫണ്ട് വിതരണം**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധയിൽ അനുവ ദിച്ചിരിക്കുന്ന സാഹായധനം കുടുംബങ്ങൾക്ക് നൽകുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ നിർവഹിക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി 8 ന് 93 കുടുംബങ്ങളെ ചാസ് ഓഡിറ്റോറിയത്തിൽ വിളിച്ചുകൂട്ടി ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, സേവ് എ ഫാമിലി പ്ല.ാൻ ഫീൽഡ് കോ-ഓർഡിനേറ്റർ കുമാരി നിവ്യ ജോസഫ് എന്നിവർ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകി. ജനുവരി-ഫെബ്രു വരി മാസങ്ങളിലായി 14,08,502 രൂപ വിതരണം ചെയ്തു.

**വിധവാ സംഗമം**

**തോട്ടയ്ക്കാട്, ഇരവുചിറ, രാജമറ്റം** ഇടവകയൂണിറ്റുകളുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 51 വിധവകൾക്ക് റിഹാസ്വിസുമായി സഹകരിച്ച് നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിയുടെ വിശദാംശങ്ങൾ സംസാരിക്കുന്നതിന് നവംബർ 29-ാം തീയതി തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് പാരീഷ് ഹാളിൽ മീറ്റിംഗ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് ചൂളപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത യോഗത്തിൽ

ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ പദ്ധതി വിശദീകരിച്ചു.

**യൂണിറ്റ് സന്ദർശനവും മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം ഉദ്ഘാടനവും**

തിരുവനന്തപുരം ഫൊറോനയിൽപെട്ട പാലോട്, വിതുര ഇടവകകളിൽ രൂപികരിച്ച ചാസ് യൂണിറ്റുകളിൽ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2022 ഡിസംബർ 11-ാം തീയതി ഞായറാഴ്ച രാവിലെ 8ന് പാലോട് യൂണിറ്റിന്റേയും 11:30ന് വിതുര യൂണിറ്റിന്റെയും ഉദ്ഘാടനം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ നിർവഹിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു ചാസ് പ്രവർത്തനങ്ങളും മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ് മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിനെക്കുറിച്ചും വിശദീകരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് വേങ്ങാശ്ശേരി അദ്ധ്യക്ഷതവഹിച്ചു.

**റിഹാസ്വിസ്സ് പദ്ധതി വിലയിരുത്തൽ**

ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, റിഹാസ്വിസ് സ്ഥാപക പ്രസിഡന്റ് ശ്രീ. ജോസഫ് എറത്തോട്ട്, ശ്രീമതി സൂസൺ എറത്തോട്ട് എന്നിവർ 2022-23 വർഷത്തെ ചാസ്-റിഹാസ്വിസ്സ് പദ്ധതി വിലയിരുത്തലും 2023-24 വർഷത്തെ പദ്ധതി പ്ലാനിംഗും നടത്തി.

**യൂണിറ്റ് ഭരണസമിതി തെരഞ്ഞെടുപ്പ്**

**തത്തംപള്ളി** യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി ഡിസംബർ 18 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. എബി ചങ്ങങ്കരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ നിന്നും പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ചാസിന്റെ പ്രവർത്തനം വിശദീകരിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു ഭരണസമിതി തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ വിശദീകരിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ഡി. ജോസഫ് നേതൃത്വം നൽകി.

**എക്സിക്യൂട്ടിവ് മീറ്റിംഗ്**

| ***തീയതി*** | ***മേഖല*** |
|---|---|
| നവംബർ 29 | പുളിംകുന്ന് |
| നവംബർ 29 | കുറുമ്പനാടം |

### കോവിഡ് റീഹാബിലിറ്റേഷൻ പ്രോജക്ട് (CRP)

കോവിഡാനന്തരം സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരും സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിൽ കണ്ണിചേർന്നിട്ടുള്ളവരുമായ 10 കുടുംബങ്ങൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനും ജീവിത ഭദ്രത കൈവരിക്കുന്നതിനും സഹായിക്കുന്ന പദ്ധതിയാണ് CRP. ഡിസംബർ 14 ന് ചാസ് കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച യോഗത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രോജക്ട് ഓഫീസർ സി. സെൽമ SRA, SAFP പ്രോജക്ട് കോ-ഓർഡിനേറ്റർ കുമാരി നിവ്യ ജോസഫ് എന്നിവർ പദ്ധതി വിശദീകരണം നടത്തി. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഒരോ കുടുംബത്തിനും ഒരു ലക്ഷം രൂപ വിതം നൽകി.

### ഉണർവ് വിപണനമേള സംഘടിപ്പിച്ചു

കേരള ഗവൺമെന്റ് വ്യവസായ വകുപ്പിന്റെ കീഴിലുള്ള താലൂക്ക് വ്യവസായ ഓഫീസുമായി സഹകരിച്ച് ചങ്ങനാശ്ശേരി റവന്യൂ ടവറിന് സമീപം ഡിസംബർ 15 മുതൽ 18 വരെ തീയതികളിൽ സംഘടിപ്പിച്ച ഉണർവ് വിപണനമേളയിൽ ചാസ് സഹകാരിയായി. ചാസ് ഖാദി ഉൽപ്പന്നങ്ങൾ, ചാസ് സ്വാശ്രയവിപണി, സ്വാശ്രയസംഘങ്ങളുടെ ഉൽപ്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും നടത്തി. സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം, മാർക്കറ്റിംഗ് ഇൻചാർജ് ശ്രീ. ബേബി ജോസഫ്, മേഖലാ കോ-ഓർഡിനേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

### തയ്യൽ മെഷീൻ വിതരണം

കേരള സോഷ്യൽ സർവ്വീസ് ഫോറം 'ഉഷസ്' പ്രോജക്ട് പ്രകാരം ചാസുമായി സഹകരിച്ച് കോട്ടാങ്ങൽ, കുളത്തൂർ, വായ്പ്പൂർ ഓൾഡ് എന്നീ യൂണിറ്റുകളിൽ നിന്നും സ്വയംതൊഴിൽ പദ്ധതിക്കായി



തെരഞ്ഞെടുത്ത 20 വിധവകൾക്ക് ഡിസംബർ 30 ന് തയ്യൽ മെഷീൻ വിതരണം ചെയ്തു. ഫോറം ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. കുളത്തൂർ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് നടുവിലേക്കളം അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖ പ്രഭാക്ഷണം നടത്തി. കോട്ടാങ്ങൽ പള്ളി വികാരി റവ. ഫാ. ജോൺ മുള്ളൻപാറ, ചാസ് പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, യൂണിറ്റ് ഭാരവാഹികളായ ശ്രീ. വി.ജെ. ചാക്കോ, ശ്രീ. തോമസുകുട്ടി ജോസഫ്, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് എന്നിവർ പ്രസംഗിച്ചു. ഫോറം പ്രോഗ്രാം ഓഫീസർ ശ്രീ. ജിത്തു ജോസഫ് പദ്ധതി വിശദീകരണം നടത്തി.

### ഓഫീസ് ഉദ്ഘാടനം

മാടപ്പള്ളി ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ ഓഫീസ് ഉദ്ഘാടനം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ജനുവരി 12 വ്യാഴാഴ്ച്ച രാവിലെ 10.30 ന് കുറുമ്പനാടം ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. ജോബി കറുകപ്പറമ്പിലിന്റെയും, കമ്പനി ഭരണസമിതി അംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു.

### വിധവകൾക്ക് സഹായധനം നൽകി

റിഹാസ്വിസ് സ്ഥാപക ഡയറക്ടർ ശ്രീ. ജോസഫ് ഏറത്തേട്ടിന്റെയും സഹധർമ്മിണി ശ്രീമതി സൂസൺ ഏറത്തേട്ടിന്റെയും 50-ാം മത് വിവാഹ വാർഷികം തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് ദൈവാലയത്തിൽ ജനുവരി 14 ന് ചാസിന്റെ നേതൃത്വത്തിൽ ആഘോഷിച്ചു. വാർഷികത്തോടനുബന്ധിച്ച് തോട്ടയ്ക്കാട്, ഇരവുചിറ, രാജമറ്റം പ്രദേശങ്ങളിൽ നിന്നും ചാസ് തെരഞ്ഞെടുത്ത 50 വിധവകൾക്ക് 5,000/- രൂപ വീതം ധനസഹായം വിതരണം ചെയ്തു. അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, റിഹാസ്വിസ് പ്രസിഡന്റ് ശ്രീ. സന്തോഷ് ജോസഫ്, തോട്ടയ്ക്കാട് ഇടവക വികാരി റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ, ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സിജി ബിജുമോൻ  എന്നിവർ സന്നിഹിതരായിരുന്നു.

### റിഹാസ്വിസ്-ചാസ് ചാരിറ്റി ഗോട്ട് ഫാം പദ്ധതി

ഭിന്നശേഷിക്കാരെ സഹായിക്കുന്നതിനായി തോട്ടയ്ക്കാട് കേന്ദ്രമാക്കി ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി 'ഗോട്ട്

ഫാം പദ്ധതി' ആരംഭിച്ചു. സ്വിറ്റ്സർലന്റ് കേന്ദ്രമാക്കി പ്രവത്തിക്കുന്ന റിഹാസ്വിസുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. റിഹാസ്വിസ് സ്ഥാപക പ്രസിഡന്റ് ശ്രീ. ജോസഫ് ഏറത്തേട്ടിന്റെ തോട്ടയ്ക്കാട്ടുള്ള മൂന്നര ഏക്കർ സ്ഥലത്താണ് ആടുവളർത്തൽ കേന്ദ്രം. തുടക്കത്തിൽ 100 ആടുകളെ വളർത്തുവാനുള്ള ക്രമീകര ണങ്ങളാണ് ചെയ്യുന്നത്. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം കൊണ്ട് വർഷംതോറും 20 ഭിന്നശേഷിക്കാരെ സഹായിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ആടുവളർത്തൽ കേന്ദ്രത്തിന്റെ ശിലാസ്ഥാപനം ജനുവരി 16 ന് അതിരൂപതാ സഹായ മെത്രാൻ



മാർ തോമസ് തറയിൽ നിർവ്വഹിച്ചു. വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, തോട്ടയ്ക്കാട് ഇടവക വികാരി റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ, ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, ശ്രീ. ജോസഫ് ഏറത്തേട്, ശ്രീമതി സൂസൺ ഏറത്തേട്ട്, റിഹാസ്വിസ് പ്രസിഡന്റ് ശ്രീ. സന്തോഷ് ജോസഫ്, വാകത്താനം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ബെന്നി ഇളങ്കാവിൽ, വാർഡ് മെമ്പർ ശ്രീമതി സിജി സോണി, ചാസ് പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ പ്രസംഗിച്ചു.

**മേഖല PME**

ചാസിന്റെ യൂണിറ്റുതലപ്രവർത്തനങ്ങൾ വിലയിരുത്തുന്ന തിനും കണക്കുകളും റിപ്പോർട്ടുകളും അവതരിപ്പിച്ച് വേണ്ട തിരുത്തലുകളും സമയബന്ധിതമായ ഇടപെടലുകളും നടത്തുന്നതി നും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും മേഖലാ PME സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലും പ്രോഗ്രാം ഓഫീസർ ശ്രീ ജോബി മാത്യുവും അതാത് മേഖലക ളുടെ കോ-ഓർഡിനേറ്റർമാരും യൂണിറ്റ് മേഖലാ ഭാരവാഹിക ളുമായി ചർച്ച നടത്തി.

| *തീയതി* | *മേഖല* |
|---|---|
| 28.01.2023 | ചമ്പക്കുളം |
| 29.01.2023 | ആലപ്പുഴ |
| 04.02.2023 | കോട്ടയം |
| 17.02.2023 | ചങ്ങനാശ്ശേരി, നെടുംകുന്നം, മണിമല |
| 18.02.2023 | കുടമാളൂർ |
| 19.02.2023 | അമ്പൂരി |
| 20.02.2023 | കൊല്ലം |
| 28.02.2023 | കുറുമ്പനാടം, എടത്വാ |
| 02.03.2023 | പുളിംകുന്ന് |
| 05.03.2023 | തുരുത്തി |



**KSBCDC ഒന്നേമുക്കാൽകോടി രൂപ വായ്പ അനുവദിച്ചു**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (KSBCDC) ചാസിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങൾക്ക് അനുവദിച്ച ഒരുകോടി 76 ലക്ഷം രൂപയുടെ വായ്പാ വിതരണം 2023 ഫെബ്രുവരി 13-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ മെത്രപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ചങ്ങനാശ്ശേരി



MLA അഡ്വ. ജോബ് മൈക്കിൾ ഉദ്ഘാടനം നിർവ്വഹിച്ചു. KSBCDC ചെയർമാൻ അഡ്വ. കെ. പ്രസാദ് വായ്പ വിതരണോദ്ഘാടനം ചാസ് പ്രസിഡന്റ് പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ അച്ചന് നൽകി നിർവഹിച്ചു. KSBCDC കോട്ടയം ജില്ലാ അസി. മാനേജർ ശ്രീ. എ. ആർ. ഷാജി പദ്ധതി വിശദീകരണം നടത്തി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ പ്രസംഗിച്ചു. ചാസിന്റെ വിവിധ മേഖലകളിലുള്ള 46 സംഘങ്ങൾക്കാണ് വായ്പ അനുവദിച്ചിരിക്കുന്നത്. 168 അംഗങ്ങൾ പങ്കെടുത്തു.

**ചാസ് കുടുംബസംഗമം**

ചാസ് കുടുംബസംഗമം ഫെബ്രുവരി 25 ന് ചങ്ങനാശ്ശേരി അതിരൂപത സന്ദേശനിലയം ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചു. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം നിർവ്വഹിച്ചു. വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് 2023-2026 വർഷങ്ങളിലെ കർമ്മപദ്ധതിയായ 'സുന്ദരഭൂമി-സുരക്ഷിതകുടുംബം' എന്ന ത്രിവത്സര പദ്ധതിയുടെ ഉദ്ഘടനവും, വിശപ്പിനും രോഗത്തിനും എതിരെ



നോമ്പുകാല ലന്റൻ കാമ്പേയ്ന്റെ ചങ്ങനാശ്ശേരി അതിരൂപതാതല പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും തദവസരത്തിൽ അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. KSSF, ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ്ജ് പനക്കേഴം, ഫാ. ജോർജ്ജ് തൈച്ചേരിൽ എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു സ്വാഗതവും, ബോർഡ് മെമ്പർ ശ്രീ. ബാബു ജോസഫ് മേലന്നൂർ കൃതജ്ഞതയും അർപ്പിച്ചു. KSBCDC ജില്ലാ പ്ലാനിംഗ് ഓഫീസർ ശ്രീമതി ആർ. ബീന ന്യൂനപക്ഷ സ്കീമുകൾ വിശദീകരിച്ചു.

**'സജീവം-2023'**

ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെ സാമൂഹ്യസേവന വിഭാഗമായ കാരിത്താസ് ഇൻഡ്യയും, കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ സാമൂഹ്യസേവന വിഭാഗമായ KSSF മായി സഹകരിച്ച് ലഹരി വിമുക്ത പ്രവർത്തനം 'സജീവം-2023' ന് ഫെബ്രുവരി 25 ന് മുതൽ തുടക്കം കുറിച്ചു. 'സജീവം-2023' ന്റെ മാർഗ്ഗരേഖ പ്രകാശനം KSSF ഡയറക്ടർ റവ. ഫാ. ജേക്കബ്




മാവുങ്കലിന് നൽകി ശ്രീ. നരേന്ദ്രസിംഗ് (ഡയറക്ടർ MSJE Govt. of India) നിർവ്വഹിച്ചു. കുട്ടികളെ വഴിതെറ്റിക്കുന്ന ലഹരി മാഫിയാകളെ ചെറുത്ത് തോൽപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**വനിതാദിനാചരണം സംഘടിപ്പിച്ചു**

**ആലപ്പുഴ, ചമ്പക്കുളം, എടത്വാ, പുളിംകുന്ന്** മേഖലകളുടെ സംയുക്താഭിമുഖ്യത്തിൽ മാർച്ച് 7 ന് പഴങ്ങാടി കാർമ്മൽ പാരീഷ് ഹാളിൽ വനിതാദിനാചരണം സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ബിനു ഐസക് രാജു അദ്ധ്യക്ഷതവഹിച്ചു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജിൻസി ജോളി ഉദ്ഘാടനം നിർവ്വഹിച്ചു. ഫൊറോനാ ഡയറക്ടർ വെരി. റവ.



ഫാ. സിറിയക്ക് കോട്ടയിൽ മുഖ്യപ്രഭാഷണവും ചാസ് ഡയറക്ടർ ആമുഖസന്ദേശവും നൽകി. ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയെക്കുറിച്ച് മേഖലാ കോർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു.

**ചങ്ങനാശ്ശേരി, നെടുംകുന്നം, മണിമല, കുറുമ്പനാടം, തൃക്കൊടിത്താനം, തുരുത്തി, കുടമാളൂർ, കോട്ടയം** എന്നീ മേഖലകളുടെ നേതൃത്വത്തിൽ മാർച്ച് 9 -ാം തീയതി രാവിലെ 10 മണിക്ക് വെരൂർ സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ വനിതാദിനാചരണം സംഘടിപ്പിച്ചു. കേരള സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പറും കോട്ടയം ജില്ല പ്ലാനിംഗ് ഓഫീസറുമായ ശ്രീമതി ലിറ്റി മാത്യു വനിതാദിന




സന്ദേശം നൽകി സമ്മേളനം ഉദ്ഘാടനം ചെയ്തു. വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീല തോമസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖ പ്രഭാഷണം നടത്തി. ചാസ് യൂണിറ്റ് ഡയറക്ടർ ഫാ. ടോം പുത്തൻകളം, പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ ശ്രീമതി ലീലാമ്മ ടോമി, ശ്രീമതി മിനി ജോജി എന്നിവർ പ്രസംഗിച്ചു. ഡോ. അഭിരാമി പ്രകാശ് കാൻസർ രോഗത്തെക്കുറിച്ച് ക്ലാസ് നയിച്ചു. അറുന്നൂറിൽപ്പരം വനിതകൾ സമ്മേളനത്തിൽ പങ്കെടുത്തു. സംഘാംഗങ്ങൾ അവതരിപ്പിച്ച കലാവിരുന്ന് സമ്മേളനത്തിന് മിഴിവേകി.

**അസ്സീസി വിദ്യാലയം, പൂന്തോപ്പ് വാർഷികാഘോഷവും രക്ഷകർതൃസമ്മേളനവും**

ചാസ്-അസ്സീസി വിദ്യാലയത്തിന്റെ 30-ാം മത് വാർഷികാഘോഷവും രക്ഷകർതൃസമ്മേളനവും മാർച്ച് 14 ന് നടത്തി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. സിനി -ടിവി ആർട്ടിസ്റ്റ് ശ്രീ. ജയദേവ് കലവൂർ ഉദ്ഘാടനം നിർവ്വഹിച്ചു. പൂന്തോപ്പ് വികാരി റവ. ഫാ. സെബാസ്റ്റ്യൻ മണ്ണാംതുരുത്തിൽ,





ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, വാർഡ് കൗൺസിലർ ശ്രീ. ബി. മെഹബൂബ്, സ്റ്റാഫ് സെക്രട്ടറി ശ്രീമതി ഐഡാമ്മ മോൻസി, പിടിഎ പ്രസിഡന്റ് ശ്രീ. എം. മുഹമ്മദ് സാലി എന്നിവർ പ്രസംഗിച്ചു. പ്രിൻസിപ്പൽ സിസ്റ്റർ ആൻസിറ്റ് മരിയ CMC റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തി.

**സൗജന്യ നേത്രചികിത്സാ ക്യാമ്പ്**

ചാസ് സ്റ്റാഫ് അംഗങ്ങൾക്ക് ഡോ. അഗർവാൾസ് കണ്ണാശുപത്രിയുടെ സഹായത്തോടെ മാർച്ച് 15 ന് ചാസ് കോൺഫ്രൻസ് ഹാളിൽ വച്ച് സൗജന്യ നേത്രചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു.

**സ്വയംതൊഴിൽ പദ്ധതിക്ക് ധനസഹായം**

ചാസിന്റെ പ്രവർത്തന മേഖലയിൽ കോവിഡ് കാലത്ത് ഏറെ ക്ലേശങ്ങളനുഭവിച്ച നിർദ്ധനരായ 100 വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുവാൻ പലിശരഹിത വായ്പ ലഭ്യമാക്കി.

**യൂണിസെഫ് – വെബിനാർ**

ദുരന്ത ആഘാത ലഘൂകരണ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്ക് എന്ന വിഷയത്തിൽ യൂണിസെഫ് ഫെബ്രുവരി 11–ാം തീയതി

സംഘടിപ്പിച്ച വെബിനാറിൽ ചാസിൽ നിന്നും ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉൾപ്പെടെ 7 പ്രതിനിധികൾ പങ്കെടുത്തു. പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു ദുരന്ത ആഘാത ലഘൂകരണ മേഖലയിലെ ചാസിന്റെ ഇടപെടലുകൾ വിവരിക്കുകയും വരും കാലങ്ങളിൽ യൂണിസെഫ് നടപ്പിൽ വരുത്തേണ്ട സ്ത്രീ സൗഹൃദ പ്രവർത്തനങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

**മാർ ജോസഫ് പവ്വത്തിൽ അനുസ്മരണം**

ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ മെത്രാപ്പോലിത്തയും ചാസിന്റെ മുൻ രക്ഷാധികാരിയുമായിരുന്ന ദിവംഗതനായ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ഭൗതികശരീരം കബറടക്കിയിരിക്കുന്ന ചങ്ങനാശ്ശേരി മർത്ത മറിയം കബറിട പള്ളിയിൽ മാർച്ച്



31 ന് ചാസ് ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ സ്റ്റാഫ് അംഗങ്ങൾ ഒന്ന് ചേർന്ന് വി. കുർബാനയും ഒപ്പീസും അർപ്പിച്ച് പ്രാർത്ഥിച്ചു.

**വാർഷിക അവലോകനവും പദ്ധതി രൂപീകരണവും**

ചാസിന്റെ 2022-23 കാലയളവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി രൂപരേഖയും ബഡ്ജറ്റും തയ്യാറാക്കുന്നതിനും വേണ്ടി ചാസ് കോൺഫറൻസ്



ഹാളിൽ 2023 മാർച്ച് 31, ഏപ്രിൽ 1,6 തീയതികളിൽ CHASS Annual Planning and Evaluation സംഘടിപ്പിച്ചു. സംഘം, യൂണിറ്റ്, മേഖലാ

തലത്തിൽ നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തി അടുത്ത വർഷത്തേയ്ക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അസി. ഡയറക്ടർമാരായ ഫാ. ജോർജ്ജ് പനക്കേഴം, ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രോജക്ട് ഓഫീസർ സിസ്റ്റർ സെൽമ SRA എന്നിവർ നേതൃത്വം നൽകി.

**ചാസ് You Tube ആരംഭിച്ചു**

ചാസിന്റെ ഔദ്യോഗിക You Tube 2023 ഏപ്രിൽ 17 ന് പ്രവർത്തനം ആരംഭിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ചാസിന്റെ എല്ലാ പ്രവർത്തനങ്ങളും ഇനിമുതൽ You Tube ലൂടെ അറിയാവുന്നതാണ്. പ്രാദേശികയൂണിറ്റുകളിലും, സ്വാശ്രയസംഘങ്ങളിലും ചാസിന്റെ ഇതരപ്രവർത്തന മേഖലകളിലും നടപ്പിലാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും കോർഡിനേറ്റർമാർ മുഖേന കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കുന്ന മുറയ്ക്ക് You Tubeൽ അപ്പ്ലോഡ് ചെയ്യുന്നതാണ്.

**മത്സ്യകർഷകർക്കായി പുതിയ ഉത്പ്പാദകസംഘം രൂപീകരിച്ചു**

ചാസിന്റെ ആഭിമുഖ്യത്തൽ കുട്ടനാട്ടിലെ മത്സ്യകർഷകരെ പങ്കെടുപ്പിച്ച് പുതിയ മത്സ്യകർഷ ഉത്പ്പാദകസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഏപ്രിൽ 20 ന് മാമ്പുഴക്കരി ക്രിസ് സെന്ററിൽ വച്ച് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ പ്രഥമയോഗം കൂടി പ്രൊമോട്ടർമ്മാരെ തെരഞ്ഞെടുത്തു. ചാസ് ഡയറക്ടർ ചെയർമാനായും, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം മാനേജിംഗ് ഡയറക്ടറായുമുള്ള ഒരു കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ തീരുമാനിച്ചു.

**COPTAC**
**തയ്യൽ പരിശീലനം**

* **വനിതകൾക്ക് മൂന്നുമാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനം.**
* **എംബ്രോയിഡറി പരിശീലനം.**
* **താൽപര്യമുള്ള ഇനങ്ങൾ മാത്രം പഠിക്കാൻ അവസരം.**

**മാമ്മോദീസാസെറ്റ്**
ആൺകുട്ടികൾക്കും
പെൺകുട്ടികൾക്കും
മിതമായ നിരക്കിൽ

**Ph: 0481 2400085, 9995510085**

## മേഖലാ വാർത്തകൾ

**സ്വാശ്രയ സംഘരൂപീകരണം**

ചാസിന്റെ വിവിധ യൂണിറ്റുകളിൽ രൂപീകരിച്ച സ്വാശ്രയ സംഘങ്ങൾ.

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 01.10.2022 | നെടുമണ്ണി | നന്മ | 12 |
| 05.10.2022 | തായങ്കരി | ഐക്യം | 18 |
| 14.10.2022 | ചമ്പക്കുളം | സാന്ത്വനം | 10 |
| 20.10.2022 | ചാഞ്ഞോടി | യൂണിക്യൂ | 14 |
| 21.10.2022 | കാവാലം | മഹാത്മ | 20 |
| 26.10.2022 | മാമ്മൂട് | മരിയ | 14 |
| 26.10.2022 | പുന്നമട | മരിയൻ | 10 |
| 27.10.2022 | വാഴപ്പള്ളി | അനുഗ്രഹ | 10 |
| 31.10.2022 | നാലുകോടി | എലഗൻസ് | 20 |
| 31.10.2022 | ഫാത്തിമാപുരം | ബ്ലൂ സ്റ്റാർ | 19 |
| 31.10.2022 | ഫാത്തിമാപുരം | ആൻസ് | 10 |
| 31.10.2022 | ഫാത്തിമാപുരം | ജനനി | 20 |
| 04.11.2022 | മാമ്മൂട് | കൃപ | 11 |
| 09.11.2022 | എടത്വ | പ്രണവ് | 19 |
| 15.11.2022 | ചമ്പക്കര | ആശ്രയ | 20 |
| 16.11.2022 | എടത്വ | പ്രത്യാശ | 12 |
| 06.12.2022 | തെക്കേക്കര | പമ്പ | 11 |
| 23.12.2022 | ഫാത്തിമാപുരം | ഉദയം | 16 |
| 23.12.2022 | ഫാത്തിമാപുരം | ആശാദീപം | 20 |
| 23.12.2022 | ഫാത്തിമാപുരം | ഫിലിയ | 20 |
| 28.12.2022 | ചേന്നങ്കരി | സെന്റ് ജോസഫ്സ് | 10 |
| 02.01.2023 | മാടപ്പള്ളി | വനിത | 12 |
| 04.01.2023 | ഫാത്തിമാപുരം | നിറദീപം | 10 |
| 09.01.2023 | തുരുത്തി | തേജസ് | 14 |
| 21.01.2023 | ചമ്പക്കര | ഗ്ലോറിയ | 18 |
| 08.02.2023 | നെടുംകുന്നം | ദീപം | 13 |
| 18.03.2023 | വായ്പൂർ ഓൾഡ് | ധനശ്രീ | 14 |
| 25.03.2023 | ഫിൽഗിരി | റോസ് | 12 |
| 05.04.2023 | ചെത്തിപ്പുഴ | ജ്യോതി | 13 |
| 05.04.2023 | ചെത്തിപ്പുഴ | കൃപ | 12 |
| 22.04.2023 | ഫാത്തിമാപുരം | ജ്യോതിസ് സ്റ്റാർ | 10 |

**കുടുംബ-സ്വാശ്രയസംഘസംഗമം**

**പുത്തനങ്ങാടി** സെന്റ് ജോർജ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടേബർ 5 ന് കുടുംബ-സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസുകുട്ടി താന്നിയത്ത് അധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഭാരവാഹികളായ ശ്രീ. ചാണ്ടി ഫിലിപ്പ്, ശ്രീമതി ജെനി വർഗീസ്, ക്രെഡിറ്റ് യൂണിയൻ കൺവീനർ ശ്രീ. ജേക്കബ് ഫിലിപ്പ്, മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ഡി. ജോസഫ് എന്നിവർ പ്രസംഗിച്ചു. കലാപരിപാടികളും സ്നേഹവിരുന്നും നടത്തി.

**സ്വാശ്രയസംഘ സംഗമം**

**ചമ്പക്കുളം, നർബോനപുരം, പൊങ്ങ, കൊണ്ടാക്കൽ** യൂണിറ്റുകളിൽ സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. മാലിന്യസംസ്കരണത്തിന്റെ ആവശ്യകത, സംസ്കരണ ഉപാധികളുടെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചാസ് പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**തായങ്കരി** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'സംഗമം, ഐക്യം' എന്നീ സ്വാശ്രയ സംഘങ്ങളുടെ സംഗമം നവംബർ 20 ന് സംഘടിപ്പിച്ചു. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാർഷിക മേളയും എക്സിബിഷനെയും കുറിച്ച് ചർച്ച നടത്തി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 40 അംഗങ്ങൾ പങ്കെടുത്തു.

**പച്ച-ചെക്കിടിക്കാട്, എടത്വാ** യൂണിറ്റുകളിൽ ചാസ് കാർഷിക മേളയോടനുബന്ധിച്ച് നവംബർ 21 ന് സ്വാശ്രയസംഘസംഗമം നടത്തി. തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ജൽ ജീവൻ മിഷൻ കോ-ഓർഡിനേറ്റർമാരായ ശ്രീ. ബൈജു സി. സേവ്യർ, ശ്രീ. ബിനു ജോസഫ് എന്നിവർ കാർഷികമേളയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**ഇരവുചിറ** യൂണിറ്റിൽ ഫെബ്രുവരി 18 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. ഡയറക്ടർ റവ. ഫാ. ടോം കുന്നുംപുറം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം നൽകി മേഖലാ കോ-ഓർഡിനേർ ശ്രീമതി സിജി ബിജുമോൻ നേതൃത്വം നൽകി.

**വെട്ടിമുകൾ** യൂണിറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 21 ന് സ്വാശ്രയ സംഘസംഗമം സംഘടിപ്പിച്ചു. 60 അംഗങ്ങൾ പങ്കെടുത്തു.

**SHG ലീഡേഴ്സ് ട്രെയിനിംഗ്**

ചാസ് **മണിമല, നെടുംകുന്നും, അതിരമ്പുഴ, കുടമാളൂർ** യൂണിറ്റുകളിൽ പുതുതായി രൂപീകരിക്കപ്പെട്ട സ്വാശ്രയസംഘം ഭാരവാഹികൾക്കുവേണ്ടി നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ




ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം എന്നിവർ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. 'സ്വാശ്രയസംഘങ്ങളും ഗവൺമെന്റ് പദ്ധതികളും' എന്ന വിഷയത്തെ ആസ്പദമാക്കി KSBCDC, Kottayam ജില്ലാ മാനേജർ ശ്രീ. ഷാജി റ്റി. ആർ. ക്ലാസ് നയിച്ചു. മേഖലാ കോർഡിനേറ്റർമാരയ ശ്രീമതി അൽഫോൻസ് വർഗീസ്, ശ്രീമതി സജി ഷാജി, ശ്രീമതി ലിസി സി.വി. എന്നിവർ നേതൃത്വം നൽകി.

| ***തീയതി*** | ***മേഖല*** |
|---|---|
| ഒക്ടോ. 25 | മണിമല, നെടുംകുന്നും |
| ഒക്ടോ. 27 | അതിരമ്പുഴ |
| ഒക്ടോ. 29 | കുടമാളൂർ |

**മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം-സ്വാശ്രയ സംഘവാർഷികവും മെറിറ്റ് അവാർഡ്ദാനവും**

**തൃക്കൊടിത്താനം** യൂണിറ്റിൽ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെയും സ്വാശ്രയസംഘങ്ങളുടെയും സംയുക്ത വാർഷികവും മെറിറ്റ് അവർഡ്ദാനവും ഒക്ടോബർ 23-ാം തീയതി പള്ളി പാരീഷ് ഹാളിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ വെരി. റവ. ഫാ. ഫ്രാൻ




സിസ് കാരുവേലിൽ മുഖ്യപ്രഭാഷണം നടത്തി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ജാൻസി മാർട്ടിൻ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബോബിന തോമസ് എന്നിവർ പ്രസംഗിച്ചു. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെയും സംഘത്തിന്റെയും റിപ്പോർട്ടും കണക്കും സെക്രട്ടറിമാർ അവതരിപ്പിച്ചു. വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

**ഇത്തിത്താനം** യൂണിറ്റിൽ പ്രവർത്തിക്കുന്ന മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെയും സ്വാശ്രയസംഘങ്ങളുടെയും സംയുക്ത വാർഷികം ഡിസംബർ 4 ന് സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.സി. തോമസ് അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി പോരുക്കര മുഖ്യപ്രഭാഷണം നടത്തി. ശ്രീ. കെ.സി. വർഗീസ്, ശ്രീ. ബിനു കുറിഞ്ഞിപ്പറമ്പിൽ, ശ്രീമതി ബെറ്റി ടോജോ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബോബിന തോമസ് എന്നിവർ പ്രസംഗിച്ചു. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെയും സ്വാശ്രയസംഘത്തിന്റെയും സെക്രട്ടറിമാർ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മീറ്റിംഗിൽ സംബന്ധിച്ച എല്ലാവർക്കും പച്ചക്കറിവിത്തും തുണിസഞ്ചിയും വിതരണം ചെയ്തു.

**മീൻകുളം** ഗ്രാമവികസന മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെയും സ്വാശ്രയസംഘങ്ങളുടെയും സംയുക്ത വാർഷികം ലൂർദ്ദ്മാതാ പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോബിൻ തൈപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, മേഖലാ കോ-ഓർഡിനേറ്റർ

ശ്രീ. ബേബി ജോസഫ് എന്നിവർ ആശംസയർപ്പിച്ചു. യൂണിറ്റിന്റെയും സ്വാശ്രയസംഘങ്ങളുടെയും പ്രവർത്തന റിപ്പോർട്ടും കണക്കും സമ്മേളനത്തിൽ അവതരിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ഫ്രാൻസിസ് പള്ളിപ്പുറം, സെക്രട്ടറി ശ്രീ. ജെയിംസ് ഒറ്റപ്ലാക്കൽ എന്നിവർ നേതൃത്വം നൽകി. 107 അംഗങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് രൂപീകരിച്ചു**

**കണ്ടങ്കരി** ഇടവകയിൽ നവംബർ 6 മുതൽ ചാസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. ഇടവക വികാരി റവ. ഫാ. തോമസ് കാഞ്ഞിരവേലിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ചാസ് പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**സ്വാശ്രയസംഘ വാർഷികം**

**ഏറ്റുമാനൂർ** മാവേലി പുരുഷ സ്വാശ്രയസംഘത്തിന്റെ 13-ാം മത് വർഷികം നവംബർ 6 ന് സംഘടിപ്പിച്ചു. അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സജി തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. സെക്രട്ടറി ശ്രീ. റോബിൻ ജോസഫ് സംഘത്തിന്റെ കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു.

**കരുവാറ്റ** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'കാരുണ്യ' സ്വാശ്രയ സംഘത്തിന്റെ 5-ാം മത് വാർഷികം യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു തേവാരിയുടെ അദ്ധ്യക്ഷതയിൽ നടന്നു. സംഘം സെക്രട്ടറി വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**കുടമാളൂർ** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'സ്വരുമ' സ്വാശ്രയ സംഘത്തിന്റെ വാർഷികം ഫെബ്രുവരി 12-ാം തീയതി ഞയറാഴ്ച ആഘോഷിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ടോം സി. തയ്യിൽ ഉദ്ഘാടനം നിർവ്വഹിച്ചു. സംഘം പ്രസിഡന്റ് ശ്രീമതി ബിന്ദു ശിദാസ് അദ്ധ്യക്ഷതവഹിച്ചു. സെക്രട്ടറി ശ്രീമതി ബിനു മാത്യു റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യൂണിറ്റ് ഭാരവാഹി ശ്രീ പ്രകാശ് ചാക്കോ, ശ്രീ. സിറിൾ ജോസ് എന്നിവർ പ്രസംഗിച്ചു.

**സ്വാശ്രയസംഘസംഗമവും-വാർഷികവും**

**നാൽപ്പാത്തിമല** യൂണിറ്റിൽ സ്വാശ്രയസംഘ സംഗമവും 'ഒരുമ' സ്വാശ്രയസംഘത്തിന്റെ വാർഷികവും മാർച്ച് 26 ന് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജിജോ കുരിയന്നൂർപ്പറമ്പിൽ ആമുഖസന്ദേശം നൽകി. പ്രസിഡന്റ് ശ്രീ. പി.സി. ചെറിയാൻ

അദ്ധ്യക്ഷത വഹിച്ചു. സിസ്റ്റർ മോൺസിറ്റ SABS, മേഖല കോ-ഒർഡിനേറ്റർ ശ്രീമതി സജി ഷാജി എന്നിവർ അശംസയർപ്പിച്ചു. ഫ്രണ്ട്സ് പുരഷസ്വാശ്രയസംഘാംഗങ്ങളുടെ നേതൃത്വത്തിൽ കലാപരിപാടി അവതരിപ്പിച്ചു. നൂറിൽപ്പരം അംഗങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് ശാക്തീകരണ യോഗം**

**കൊടുപ്പുന്ന** യൂണിറ്റിന്റെയും സ്വാശ്രയസംഘങ്ങളുടെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും തുടർപ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതുനും വേണ്ടി നവംബർ 12 ന് യൂണിറ്റ് ശാക്തീകരണയോഗം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് പനക്കേഴം അദ്ധ്യക്ഷതവഹിച്ചു. 12 സ്വാശ്രയസംഘത്തിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. എക്സിക്യൂട്ട് സമിതി നേതൃത്വം നൽകി.

**പാദുവാപുരം** യൂണിറ്റിൽ നവംബർ 20 ന് യൂണിറ്റ് ശാക്തീകരണയോഗം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ലിബിൻ തുണ്ടിയിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ യൂണിറ്റിന്റെ പ്രവർത്തനം വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സി.ബി.ആർ-ലോൺമേള**

**വെട്ടിമുകൾ** യൂണിറ്റിന്റെ നേതൃത്വത്തിൽ ഭിന്നശേഷിക്കാരായ രണ്ട് കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി 20,000 രൂപ വീതം പലിശരഹിത വായ്പ നൽകി. നവംബർ 15ന് കേന്ദ്ര ഓഫീൽ നിന്നും മറ്റ് അഞ്ച് കുടുംബങ്ങൾക്ക് അനുവദിച്ച വായ്പ തുകയും തദവസരത്തിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ വിതരണം ചെയ്തു.

**യൂണിറ്റ് സന്ദർശനം**

**എടത്വ** മേഖലയിലെ **കേളമംഗലം, അമ്പലപ്പുഴ, മുട്ടാർ ന്യൂ, കിഴക്കേമിത്രക്കരി** എന്നീ യൂണിറ്റുകളിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനവും എക്സിക്യൂട്ടീവ് മീറ്റിംഗും നടത്തി.

**കോട്ടയം** ലൂർദ്ദ് യൂണിറ്റ് സന്ദർശനവും, എക്സിക്യൂട്ടീവ് മീറ്റിംഗും നവംബർ 17 ന് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു.

**കുറുമ്പനാടം, കോട്ടയം** മേഖലകളിലെ കുറുമ്പനാടം, മാന്നില, അസംപ്ഷൻ, ചേപ്പുംപാറ, വടവാതൂർ എന്നിവിടങ്ങളിൽ യൂണിറ്റ് ഡയറക്ടേഴ്സിന്റെ അദ്ധ്യക്ഷതയിൽ യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിഗ് സംഘടിപ്പിച്ചു.

**കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ്**

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാർഷികമേളയിലും എക്സിബിഷനിലും വോളണ്ടിയേഴ്സായി തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിന്റെ മീറ്റിംഗ് നവംബർ 21 ന് എടത്വ യൂണിറ്റിൽ വച്ച് നടത്തി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സന്ദേശം നൽകി. ജൽ ജീവൻ മിഷൻ കോർഡിനേറ്റർമാരായ ശ്രീ. ബൈജു സി. സേവ്യർ, ശ്രീ. ബിനു ജോസഫ് എന്നിവർ കാർഷികമേളയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

**കണ്ടങ്കരി** സെന്റ് ജോസഫ്സ് യൂണിറ്റിൽ, പച്ച ചെക്കിടിക്കാട് ലൂർദ്ദ് മാതാ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ നവംബർ 26, 27 തീയതികളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കാഞ്ഞിരവേലിൽ അദ്ധ്യക്ഷത വഹിച്ചു. ചമ്പക്കുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജലജകുമാരി ഉദ്ഘാടനം നിർവ്വഹിച്ചു.

**മികച്ച കർഷകരെ ആദരിച്ചു**

**ആർപ്പൂക്കര** ഗ്രാമപഞ്ചായത്തിലെ മികച്ച കർഷകർക്കുള്ള അവാർഡ് നേടിയ ചാസ് ഹരിതാ ഫാർമേഴ്സ് ക്ലബ് അംഗങ്ങളായ ശ്രീ. ജോൺസൺ ജെ. പന്നാപ്പാറയിൽ, ശ്രീമതി ലീലാമ്മ ജോൺ





തിട്ടാലയിൽ എന്നിവരെ ഫാർമേഴ്സ് ക്ലബ് യോഗത്തിൽ വച്ച് ജനുവരി 1 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി കാട്ടൂപ്പാറ പൊന്നാടയണിച്ച് ആദരിച്ചു. ഭാരവാഹികളായ ശ്രീ. സി.എം. മാത്യു, ശ്രീ. ടോജൻ ജോസഫ് മുട്ടത്തുപാടത്ത്, ശ്രീ. ബെന്നി പനയ്ക്കൽ, ശ്രീ. ജോർജ്ജ് തോമസ് തോട്ടിൽ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ടോം സി. തയ്യിൽ എന്നിവർ നേതൃത്വം നൽകി.

**ഒറ്റഞാർകൃഷി-കൊയ്ത്ത് മഹോത്സവം**

ചാസും കേരള സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് നെടുംകുന്നം മേഖലയിലെ മുളയംവേലി പ്രദേശത്ത് 'ചാസ് ഹരിതാ ഫാർമേഴ്സ് ക്ലബ്' നടപ്പിലാക്കിയ ഒറ്റഞാർകൃഷി-കൊയ്ത്ത് മഹോത്സവം ജനുവരി 23 ന് നെടുംകുന്നം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബീന ഡി.ജെ. ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യ പ്രഭാഷണം നടത്തി.



നെടുംകുന്നം കൃഷി ഓഫീസർ ശ്രീ. അനിൽ സെബാസ്റ്റ്യൻ വാഴൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ലതാ ഉണ്ണികൃഷ്ണൻ, വാർഡ് മെമ്പർ ശ്രീമതി ബീനാ വർഗീസ്, ചാസ് പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, KSSF പ്രോജക്ട് ഓഫീസർ ശ്രീ. ജിറ്റു തോമസ്, മേഖലാ കോ-ഓഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് എന്നിവർ പ്രസംഗിച്ചു.

**മെഴുകുതിരി വിതരണം**

ചാസ് **വൈശ്യംഭാഗം** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മരണാനന്തര ചടങ്ങുകൾക്കാവശ്യമായ വിവിധതരം മെഴുകുതിരികൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ബിജു മണവത്തും യൂണിറ്റ് ഭാരവാഹികളും നേതൃത്വം നൽകി വരുന്നു.

**ഷുഗർ ഫ്രീ കപ്പകൃഷി**

**ചേന്നങ്കരി** യുണിറ്റിലെ എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ വക സ്ഥലത്ത് ഷുഗർ ഫ്രീ കപ്പകൃഷി ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് അത്തികളം ഉദ്ഘാടനം നിർവ്വഹിച്ചു.

**ബോധവത്ക്കരണ സെമിനാർ**

മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം എന്ത്? എന്തിന്? തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കുന്നതിനുവേണ്ടി കണ്ടങ്കരി യൂണിറ്റിൽ ജനുവരി 16-ന് സംഘടിപ്പിച്ച ബോധവത്ക്കരണ പരിപാടി യൂണിറ്റ് ഡയറക്ടർ റവ. ഫാ. കാഞ്ഞിരവേലി ഉദ്ഘാടനം ചെയ്തു. കോ-ഓർഡിനേറ്റർ ശ്രീ. ബിനു ജോസഫ് ക്ലാസ് നയിച്ചു.

**ചാസ് ഓഫീസ് ഉദ്ഘാടനം**

**തത്തംപള്ളി** ചാസ് യൂണിറ്റിന്റെ പുതിയ ഓഫീസിന്റെ ഉദ്ഘാടനം സെന്റ് മൈക്കിൾ ചർച്ച് വികാരി റവ. ഫാ. എബി ചങ്ങങ്കരി നിർവ്വഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ഡി. ജോസഫ്, യൂണിറ്റ് പ്രസിഡൻറ്റ് ശ്രീ. തൊമ്മി ജോസഫ് തട്ടുങ്കൽ, സെക്രട്ടറി ശ്രീ. കെ.ജെ. ജോസഫ് കളത്തിൽ, ശ്രീമതി ലൈസമ്മ, ശ്രീമതി ആൻസമ്മ, ശ്രീ. കുര്യൻ, ശ്രീ. ലാലിച്ചൻ, ശ്രീ. ജോസഫ് ജെയിംസ്, ശ്രീ. ജോർജ്ജ് മുളക്കൻ എന്നിവർ പ്രസംഗിച്ചു.

**ക്രെഡിറ്റ് യൂണിയൻ-മഹിളാസമാജം വാർഷികം**

**പച്ച-ചെക്കിടിക്കാട്** യൂണിറ്റിന്റെയും മഹിളാസമാജത്തിന്റെയും സംയുക്ത വാർഷികം ജനുവരി 21 ശനിയാഴ്ച സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് മാളിയേക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസാ ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോയി ജോസഫ്, സെക്രട്ടറി ശ്രീ. തോമസ് സേവ്യർ എന്നിവർ പ്രസംഗിച്ചു. ശ്രീമതി ഷിജി ബോബൻ റിപ്പോർട്ടും കണക്കും അവതിരപ്പിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ, വൈസ് പ്രസിഡന്റ് ശ്രീമതി മറിയാമ്മ സേവ്യർ എന്നിവർ ആശംസകൾ അർപ്പിച്ചു. സിസ്റ്റർ ഫ്ളവർലിറ്റ് SABS കുടുംബ ബജറ്റിനെക്കുറിച്ച് ക്ലാസ് നയിച്ചു.

**'അമേയ' പേപ്പർ പ്ലേറ്റ് നിർമ്മാണ യൂണിറ്റ് ഉദ്ഘാടനം**

ചാസ് മായം യൂണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'അമേയ' പേപ്പർ

പ്ലേറ്റ് നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടനം ഫെബ്രുവരി 19 ന് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്തുക്കുട്ടി മൂന്നാറ്റിൻമുഖം അദ്ധ്യക്ഷതവഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി എൽസി തങ്കയ്യൻ നേതൃത്വം നൽകി.

**ബേക്കറി നിർമ്മാണം പരിശീലനം**

ചാസ്-ഖാദി വിദ്യാലയത്തിന്റെ സഹകരണത്തോടുകൂടി അതിരമ്പുഴ യൂണിറ്റിൽ രണ്ട് മാസം നീണ്ടുനിൽക്കുന്ന ബേക്കറി നിർമ്മാണ പരിശീലനത്തിന് തുടക്കം കുറിച്ചു. ഫെബ്രുവരി 20 ന് ഫൊറോനാ ഡയറക്ടർ വെരി. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. പരിശീലനത്തിന് ശ്രീമതി ജോളി ലാൽ നേതൃത്വം നൽകി.

**സ്വയം തൊഴിൽ സംരംഭം ആരംഭിച്ചു**

**എടത്വാ** യൂണിറ്റിൽ വനിതാ സ്വയം തൊഴിൽ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2023 മാർച്ച് 1 മുതൽ ചാസ് കേന്ദ്ര ഓഫിസിന്റെയും യൂണിറ്റിന്റെയും സഹായസഹകരണത്തോടെ 'ക്രൗൺ ക്രാഫ്റ്റ്' എന്ന പേരിൽ 4 വനിതകൾ ചേർന്ന് ടെയ്‌ലറിംഗ് ഷോപ്പ് ആരംഭിച്ചു. ഫൊറോനാ ഡയറക്ടർ വെരി. റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം നിർവ്വഹിച്ചു.

**വനിതാ ദിനാചരണം യൂണിറ്റുതലത്തിൽ**

**പച്ചക്കാട്, ഡാൽമുഖം** യൂണിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ മാർച്ച് 8ന് വനിതാദിനാചരണം സംഘടിപ്പിച്ചു. വനിതകൾക്ക് വിവിധ മത്സരങ്ങൾ ക്രമീകരിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ ശബരിമാക്കൽ വിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു.

**മായം** യൂണിറ്റിൽ മാർച്ച് 8 ന് വനിതാദിനാചരണത്തോടനുബന്ധിച്ച് പതിനൊന്നും, പത്തും, ഒൻപതും മക്കൾ ഉള്ള അമ്മമാരെ യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്തുക്കുട്ടി മൂന്നാറ്റുംമുഖം പൊന്നാടയണിയിച്ച് ആദരിച്ചു.

**ഏറ്റുമാനൂർ** യൂണിറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 9ന് ക്രിസ്തുരാജ പള്ളി പാരീഷ് ഹാളിൽ വനിതാദിനാചരണം സംഘടിപ്പിച്ചു. മഹിളാസമാജം പ്രസിഡന്റ് ശ്രീമതി തങ്കമ്മ ലൂക്കോസ് അദ്ധ്യക്ഷത വഹിച്ചു. സിസ്റ്റർ ധന്യ SABS ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങളിൽ മുതിർന്ന വനിതയായ

ശ്രീമതി മേരി ജോസഫിനെ പൊന്നാടയണിയിച്ച് ആദരിച്ചു. വനിതാശാക്തീകരണത്തെക്കുറിച്ച് സിസ്റ്റർ ലിയ SABS ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികളും മഹിളാസമാജം പ്രവർത്തകരും നേതൃത്വം നൽകി 77 അംഗങ്ങൾ പങ്കെടുത്തു.



**വെട്ടിമുകൾ** യൂണിറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 21 ന് വനിതാദിനാചരം സംഘടിപ്പിച്ചു. മഹിളാസമാജം പ്രസിഡന്റ് ശ്രീമതി ഗ്ലോറി അഗസ്റ്റിൻ അദ്ധ്യക്ഷതവഹിച്ചു. 'കുടുംബത്തിൽ സ്ത്രീയുടെ പങ്ക്' എന്ന വിഷയത്തിൽ ഡോ. സലോ മാക്സ് (ഉഴവൂർ ഗവ. ഹോസ്പിറ്റൽ) ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

### സ്നേഹഭവൻ സന്ദർശിച്ചു

**മുട്ടർ ഓൾഡ്** യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറൾ ചേപ്പിലയും, എക്സിക്യൂട്ട് അംഗങ്ങളും ചേർന്ന് ഏപ്രിൽ 17 ന് എടത്വാ സ്നേഹഭവൻ സന്ദർശിച്ച് വിശുദ്ധ കുർബാനയർപ്പിക്കുകയും 135 അന്തേവാസികൾക്ക് ഭക്ഷണം നൽകി ഒരു ദിവസം അവരോടൊപ്പം ചെലവഴിച്ചു.

### എക്സിക്യൂട്ടിഗ് മീറ്റിംഗ്

**വെരൂർ** യൂണിറ്റിൽ സ്വംയംതൊഴിൽ സംരംഭങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നത് ചാസ് ഡയറ്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ ഏപ്രിൽ 17ന് എക്സിക്യൂട്ടിവ് മീറ്റിംഗ് സംഘടിപ്പിച്ചു.

### തയ്യൽ മെഷീൻ നൽകി

**എടത്വാ** ചാസ് യൂണിറ്റിൽ നിന്നും തയ്യൽ പരിശീനം പൂർത്തിയാക്കിയ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു വനിതയ്ക്ക് അസി. വികാരിയടെയും യൂണിറ്റ് ഭാരവാഹികളുടെയും സാന്നിദ്ധ്യത്തിൽ തയ്യൽ മെഷീൻ നൽകി.

# പരിശീലന പരിപാടികൾ

## തയ്യൽ പരിശീലനം സമാപിച്ചു

**അതിരമ്പുഴ** യൂണിറ്റിൽ കഴിഞ്ഞ മൂന്ന് മാസമായി നടന്നു വന്നിരുന്ന തയ്യൽ പരിശീലന പരിപാടി ഒക്ടോബർ 2 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ വെരി.റവ. ഫാ. ജോസഫ് മുണ്ടകത്തിൽ അധ്യക്ഷതവഹിച്ചു. പരിശീലനം ലഭിച്ച 24 വനിതകൾക്ക് ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

2022 ഓഗസ്റ്റ് 16 മുതൽ എടത്വ യൂണിറ്റിൽ നടത്തിവന്നിരുന്ന തയ്യൽ പരിശീലനം നവംബർ 22 ന് സമാപിച്ചു. പരിശീലനം പൂർത്തിയാക്കിയ 20 വനിതകൾക്ക് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ഫാത്തിമാപുരം** യൂണിറ്റിൽ കഴിഞ്ഞ മൂന്നു മാസക്കാലമായി നടന്നു വന്നിരിരുന്ന തയ്യൽ പരിശീലനം മാർച്ച് 6 ന് സമാപിച്ചു.



യൂണിറ്റ് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻകളത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പരിശീലനം പൂർത്തിയാക്കിയ 20 വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## തയ്യൽ പരിശീലനം ആരംഭിച്ചു

**കേരള സോഷ്യൽ സർവ്വീസ് ഫോറം, ചാസുമായി** സഹകരിച്ച് പത്തനംതിട്ട ജില്ലയിലെ കോട്ടാങ്ങൽ, കുളത്തൂർ, വായ്പൂർ ഓൾഡ് എന്നീ യൂണിറ്റുകളിൽ നിർധനരും, വിധവകളുമായ 20 വനിതകൾക്ക് കുളത്തൂർ യൂണിറ്റിൽ വച്ച് ഡിസംബർ 27 മുതൽ തയ്യൽ പരിശീലനം ആരംഭിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി അൽഫോൻസ്

വർഗീസ്, ശ്രീമതി ഷൈനി മാത്യു, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകിവരുന്നു.

**ഫാത്തിമാപുരം** യൂണിറ്റിൽ നവംബർ 29 ന് തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻകളം ഉദ്ഘാടനം നിർവഹിച്ചു. അസി. വികാരി റവ. ഫാ. ജോബി പുളിച്ചിമാക്കൽ അദ്ധ്യക്ഷതവഹിച്ചു. 24 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു. യൂണിറ്റ് സെക്രട്ടറി ശ്രീ. ലാലി ഇളപ്പുങ്കൽ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബോബിന തോമസ് എന്നിവർ നേതൃത്വം നൽകി.

**നെടുംകുന്നം** യൂണിറ്റിൽ 2023 മാർച്ച് 4 മുതൽ തയ്യൽ പരിശീലനം ആരംഭിച്ചു. ഫൊറോന ഡയറക്ടർ വെരി. റവ. ഫാ. വർഗീസ് കൈതപ്പറമ്പിൽ പരിശീലനാർത്ഥികൾക്ക് ആശംസയർപ്പിച്ചു. 10 വനിതകൾ പങ്കെടുത്തുവരുന്ന പരിശീലനപരിപാടിക്ക് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകുന്നു.

**നബാർഡ്** കേരള സോഷ്യൽ സർവ്വീസ് ഫോറം, ചാസ് എന്നിവയുടെ സംയ്കുതാഭിമുഖ്യത്തിൽ പത്തനംതിട്ട ജില്ലയിൽ 20 വനിതകൾക്കായി കുളത്തൂർ ലിറ്റിൽ ഫ്ളവർ പാരീഷ് ഹാളിൽ 2023 ഏപ്രിൽ 13 ന് ഒരു മാസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം ആരംഭിച്ചു. നബാർഡ് എജിഎം. ശ്രീ. റെജി വർഗീസ് ഉദാഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശവും KSSF ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ അനുഗ്രഹപ്രഭാഷണവും നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് നടുവിലേക്കളം അദ്ധ്യക്ഷതവഹിച്ചു. പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ജിത്തു ജോസഫ് പദ്ധതി വിശദീകരണം നടത്തി. ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. തേജസ് വർഗീസ്, യൂണിറ്റ് പ്രസിഡന്റ് ശ്ര. വി.എം. ചാക്കോ, സെക്രട്ടറി ശ്രീ. തോമസ് ജോസഫ്, ടീം ലീഡർ ടോണി ജോസഫ് എന്നിവർ പ്രസംഗിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് നേതൃത്വം നൽകി.

### തയ്യൽ പരിശീലനകേന്ദ്രം ആരംഭിച്ചു

**എടത്വാ** ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യൽ പരിശീലന കേന്ദ്രം ആരംഭിച്ചു. 22 വനിതകൾ ആദ്യ ബാച്ചിൽ പരിശീലനം നേടിവരുന്നു. ഫൊറോനാ ഡയറക്ടർ വെരി. റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം നിർവ്വഹിച്ചു.

**ബേക്കറി നിർമ്മാണ പരിശീലനം സമാപനം**

**കറിക്കാട്ടൂർ** യൂണിറ്റിൽ 2022 ഒക്ടോബർ മാസം മുതൽ നടത്തി വന്നിരുന്ന ബേക്കറി നിർമ്മാണ പരിശീലനം നവംബർ 5ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് ആനിത്തോട്ടം



അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യസന്ദേശം നൽകി. പുഡിംഗ്, വിവിധ ഐസ്ക്രീം, കേക്ക്, സ്ക്വാഷ്, ബിസ്ക്കറ്റ്, പത്തിരി, പൊറോട്ട, വൈൻ, സമൂസ തുടങ്ങിയവയുടെ നിർമ്മാണത്തിനാണ് പരിശീലനം നൽകിയത്.

**ഫ്ളവർ നിർമ്മാണ പരിശീലനം**

**മാമ്മൂട്** യൂണിറ്റിൽ ഡിസംബർ 2 ന് ശ്രീമതി മേരിക്കുട്ടി മാത്യുവിന്റെ നേതൃത്വത്തിൽ ഫ്ളവർ നിർമ്മാണ ത്തിൽ പരിശീലനം നൽകി. 15 അംഗങ്ങൾ പങ്കെടുത്തു

**കൊടുപ്പുന്ന** യൂണിറ്റിൽ ഏപ്രിൽ 15 ന് ഫ്ളോർമാറ്റ്, ടേബിൾ മാറ്റ് എന്നിവ നിർമ്മിക്കുന്നതിന് സ്വാശ്രയസംഘാംഗങ്ങൾക്ക് മേഖല കോർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചന്റെ നേതൃത്വത്തിൽ പരിശീലനം നൽകി.

**പാചകപരിശീലനം ആരംഭിച്ചു**

**അതിരമ്പുഴ** യൂണിറ്റിൽ മല്ലപ്പള്ളി ഖാദി വിദ്യാലയവുമായി സഹകരിച്ച് ഫെബ്രുവരി 20 മുതൽ രണ്ട് മാസം നീണ്ടു നിൽക്കുന്ന പാചക പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചു. ഫൊറോനാ

ഡയറക്ടർ വെരി. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീമതി ജോളി ലാലിന്റെ നേതൃത്വത്തിൽ 20 വനിതകൾ പരിശീലനം നേടിവരുന്നു.



**പാചകപരിശീലന പരിപാടി സമാപിച്ചു**

**അതിരമ്പുഴ** യൂണിറ്റിൽ കഴിഞ്ഞ രണ്ടുമാസക്കാലമായി മല്ലപ്പള്ളി ഖാദിവിദ്യാലയവുമായി സഹകരിച്ചു നടന്നുവന്നിരുന്ന പാചക പരിശീലന പരിപാടി ഏപ്രിൽ 20 ന് സമാപിച്ചു. ഫൊറോനാ വികാരി വെരി. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ പരിശീലനാർത്ഥികൾക്ക് ആശംസയർപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ സന്നിഹിതരായിരുന്നു. ഖാദി വിദ്യാലയം അധ്യാപിക ശ്രീമതി ജോളിലാൽ ക്ലാസിനു നേതൃത്വം നൽകി.

## ആരോഗ്യ ഇൻഷുറൻസ്

സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്നതിലധികമായി ചികിത്സാ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരു വർഷം 30,000 രൂപ വരെ ചികിത്സാ സഹായം കുടുംബങ്ങൾക്ക് ലഭ്യമാക്കുന്ന മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാൻ ചാസ് അവസരമൊരുക്കുന്നു.

| *അംഗത്വം* | *പ്രീമിയം* |
|---|---|
| അഞ്ച് അംഗകുടുബത്തിന് | 900/- രൂപ |
| കൂട്ടുകുടുംബം | 1100/- രൂപ |
| വ്യക്തിഗതം | 600/- രൂപ |

**അന്വേഷണങ്ങൾക്ക് ഫോൺ: 9539701126**

# SLCA Kerala

## ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു

SLCA യുടെ ആഭിമുഖ്യത്തിൽ സ്കൂൾ, കോളേജ് തലത്തിൽ ലഹരി വിരുദ്ധ സെമിനാറുകൾ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, SLCA ഫീൽഡ് ഓഫീസർമാരായ ശ്രീ. റ്റി. എം. മാത്യു തച്ചിലേട്ട്, ശ്രീ. കാർമ്മൽ ജോബി മാത്യു, എന്നിവർ ക്ലാസ് നയിച്ചു.

| *തീയതി* | *സ്ഥലം* |
|---|---|
| സെപ്റ്റം. 17 | SB HSS, ചങ്ങനാശ്ശേരി |
| സെപ്റ്റം. 30 | സെന്റ് മേരീസ് HSS, ചമ്പക്കുളം |
| ഒക്ടോ. 05 | സെന്റ് പീറ്റേഴ്സ്, കുറുമ്പനാടം |
| ഒക്ടോ. 17 | PEET Memorial College, മാവേലിക്കര |
| ഒക്ടോ. 21 | മാർ ഗ്രിഗോറിയോസ് കോളേജ്, പുന്നപ്രാ |
| ഒക്ടോ. 27 | സെന്റ് മൈക്കിൾസ് HS, ചേർത്തല |
| നവംബർ. 4 | ഫാത്തിമമാതാ നാഷണൽ കോളേജ്, കൊല്ലം |
| നവംബർ. 4 | ഡോൺ ബോസ്കോ കോളേജ്, കൊട്ടിയം, കൊല്ലം |



## ട്രെയ്നേഴ്സ് ട്രെയിനിംഗ്

കേന്ദ്ര ഗവൺമെന്റിന്റെ സാമൂഹ്യ നീതി ശാക്തീകരണ വകുപ്പ് മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന ഇരുപത്തിയഞ്ച് ഡി അഡിക്ഷൻ സെന്ററുകളിലെ പ്രോജക്ട് ഡയറക്ടർമാർക്കും, കൗൺസിലർമാർക്കും 5 ദിവസം നീണ്ടു നിന്ന പരിശീലനം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ ആശംസയർപ്പിച്ചു. ഒക്ടോബർ 10 മുതൽ 14 വരെ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിശീലന പരിപാടിക്ക് SLCA ഫീൽഡ് ഓഫീസർമാരായ ശ്രീ. റ്റി. എം. മാത്യു




തച്ചിലേട്ട്, ശ്രീ. കാർമ്മൽ ജോബി മാത്യു, എന്നിവർ നേതൃത്വം നൽകി.

**ദ്വിദിന കൗൺസിലിംഗ് പ്രോഗ്രാം**

SLCA യുടെ ആഭിമുഖ്യത്തിൽ കേരളാ പോലീസ് "യോദ്ധാവ്" മായി സഹകരിച്ച് നവംബർ 11, 12 തീയതികളിൽ SLCA ട്രെയിനിംഗ് സെന്ററിൽ ദ്വിദിന കൗൺസിലിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. കോട്ടയം ജില്ലാ നാർക്കോട്ടിക്സ് വിഭാഗം DYSP ശ്രീ. സി. ജോൺ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രമുഖ സൈക്കോളജിസ്റ്റുമാരായ ശ്രീ. മാർട്ടിൻ ആന്റണി, ശ്രീ. വിനയചന്ദ്രൻ, SLCA ട്രെയിനർ ശ്രീ. റ്റി. എം. മാത്യു തച്ചിലേട്ട് എന്നിവർ ക്ലാസ് നയിച്ചു. വിവിധ സ്കൂളിൽ നിന്നും പരിശീലത്തിൽ പങ്കെടുത്ത 35 അദ്ധ്യാപകർക്ക് കോട്ടയം ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് IPS സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടി**

SLCA കേരളയുടെ ആഭിമുഖ്യത്തിൽ 2022 ഡിസംബർ 4 മുതൽ 7 വരെ തീയതികളിൽ ലക്ഷദ്വീപിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തി കേന്ദ്രവിദ്യാലയം, ഗവൺമെന്റ് ഹയർ സെക്കണ്ടറിസ്കൂൾ, ഗവൺമെന്റ് ITI എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഏകദിന ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. കൂടാതെ രണ്ട് ദ്വീപുകളിലേയും പൊതുസമൂഹത്തിന് രണ്ട് അർദ്ധദിന ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു.

SLCA കോർഡിനേറ്റർ ഫാ. തോമസ് കുളത്തുങ്കൽ, ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, സ്റ്റാഫ് അംഗങ്ങളായ




ശ്രീ. റ്റി.എം. മാത്യു, സി. സെൽമ ജി. SRA, ശ്രീ. കാർമ്മൽ ജോബി എന്നിവരുടെ നേതൃത്വത്തിൽ പ്രാദേശിക NGO "തണൽ" ലുമായി സഹകരിച്ചാണ് ക്ലാസ് സംഘടിപ്പിച്ചത്.

**നാഷണൽ കൺസൽട്ടേഷൻ മീറ്റിംഗ്**

കേന്ദ്ര സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ ലഹരി വിമുക്ത പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അടുത്ത വർഷത്തേയ്ക്കുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നതിനുമായി 2023 ഫെബ്രുവരി 10 ന് ഡൽഹി NISD Office-ൽ ചേർന്ന ദേശീയ കൺസൽട്ടേഷൻ മീറ്റിംഗിൽ കേരളത്തെ പ്രതിനിധീകരിച്ച് SLCA കോ-ഓർഡിനേറ്റർ ഫാ. ജിജു വർഗീസ് കുളത്തുങ്കൽ പങ്കെടുത്ത് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകി.

**Capactiy Building programme on Drug Abuse Prevention for Law Enforcement Agencies**

കോട്ടയം ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥർക്കായി 2023 ഫെബ്രുവരി 21 ന് ഡിസ്ട്രിക്റ്റ് പോലീസ് സെന്ററിൽ വച്ച് ഏകദിന



ലഹരിവിരുദ്ധ ബോധവത്ക്കരണ പരിശീലന പരിപാടി നടത്തപ്പെട്ടു. നാർക്കോട്ടിക്സ് വിഭാഗം DYSP ശ്രീ. സി. ജോൺ ഉദ്ഘാടനം നിർവ്വഹിച്ചു. നാർക്കോട്ടിക്സ് വിഭാഗം SI ശ്രീ. മാത്യു പോൾ സന്ദേശം നൽകി. SLCA പരിശീലകരായ ശ്രീ. മാത്യു റ്റി.എം. തച്ചിലേട്ട്, ശ്രീ. ജോസഫ് ആന്റണി എന്നിവർ ക്ലാസ് നയിച്ചു. 62 പേർ പങ്കെടുത്തു.

**SLCA –പ്രവർത്തന വിലയിരുത്തൽ**

കേന്ദ്ര സാമൂഹിക നീതി ശാക്തീകരണ വകുപ്പ് ഡയറക്ടർ ശ്രീ. നരേന്ദ്രസിംഗ് ഫെബ്രുവരി 25ന് SLCA യുടെ ഓഫീസ് സന്ദർശിച്ച് 2022–23 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. SLCA ഡയറക്ടർ ഫാ. ജിജു കുളത്തുങ്കൽ, സ്റ്റാഫ് അംഗങ്ങളായ സിസ്റ്റർ സെൽമ SRA, ശ്രീ. മാത്യു റ്റി.എം. തച്ചിലേട്ട്, ശ്രീ. കാർമ്മൽ ജോബി, ശ്രീമതി ത്രേസ്യാമ്മ ഫിലിപ്പ്, ശ്രീ. ജെ. ഇറാനിമോസ് എന്നിവർ നേതൃത്വം നൽകി.

**ചാസ്**
**മദ്യം മയക്കുമരുന്ന്**
**ചികിത്സാകേന്ദ്രങ്ങൾ**

**ACCEPT IRCA**
**Kattanam Vetticode PO**
**Kayamkulam690 503**
**Ph. 04792332878**
Project Coordinator
**Liju Thomas**
Mob.: 7902733439

**ACCEPT IRCA**
**V.S. Lodge**
**Sindhura Junction**
**Punnapra South, Alappuzha 688004**
Project Coordinator
**Nithin Chandra**
Mob.:9037238533

**Samrudha Child Care Center**
**Samrudha Complex, Kurumpanadom**
**Ponganthanam P.O,**
**Vakathanam, Kottayam**
Project Coordinator
**Doney Thomas**
Mob.: 9746091013

## ജൽ ജീവൻ മിഷന്റെ ഭാഗമായി - ചമ്പക്കുളം, നെടുമുടി പഞ്ചായത്തുക ളുടെ സഹകരണത്തോടെ എടത്വാ, ആലപ്പുഴ, ചമ്പക്കുളം, പുളിംകുന്ന് മേഖലകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച നിറപറ -2022 കാർഷിക മേള





















# ചാസ് നഴ്സറി

**അത്യുൽപ്പാദന ശേഷിയുള്ള**
**ഫലവൃക്ഷതൈകൾ, പച്ചക്കറി തൈകൾ,**
**അലങ്കരചെടികൾ, മറ്റ് കാർഷിക ഉൽപ്പന്നങ്ങൾ**
**മിതമായ നിരക്കിൽ മൊത്തമായും ചില്ലറയായും**
**ചാസിൽ നിന്നും ലഭിക്കും.**

**ഫോൺ: 8138088730**





# വനിതകൾക്ക് തൊഴിൽ അവസരം

## ഗൃഹലക്ഷ്മി

* രോഗികൾക്കൊപ്പം താമസിച്ച് കിടപ്പുരോഗികളെ ശുശ്രൂഷിക്കുന്നതിന് RS – 23,500/–

## ഗൃഹശ്രീ

* പകൽ സമയം വീട്ടുജോലികളിൽ സഹായിക്കുന്നതിന് RS – 16,000/–

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8547322817**

# CHASS
## PROUDLY PRESENTS

**LIVE FREE COTTON SANITARY PAD**
*Soft • Safe • Secure • Seemly*

Live Free Cotton Sanitary Pad, a unique product initiated by "Ashakiranam Desk" of CHASS providing hygienic reusable cotton sanitary pad as an alternative for the plastic coated sanitary pads available in the market. Hygienic, reusable, non-allergic and natural at less cost.

*Live Free - Live Long -*
*Live with Live Free Cotton Sanitary Pad*



**Live Free Cotton Sanitary Pad available at CHASS.**

Contact:
**9446857636, 9539701126**
E-mail: chass1966@gmail.com
www.chasschry.org